بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 4

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

ലക്കം 30

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ജൂലായ് 25/ഹി:ശം:1398 തബ്‌ലീഗ് 25/ഹി:ഖ: 1440 ദുൽഖഅ്ദ് 21

## അല്ലാഹുവിന്റെ വചനം

وَلۡتَکُنۡ مِّنۡکُمۡ اُمَّۃٌ یَّدۡعُوۡنَ اِلَی الۡخَیۡرِ وَیَاۡمُرُوۡنَ بِالۡمَعۡرُوۡفِ وَیَنۡہَوۡنَ عَنِ الۡمُنۡکَرِ ؕ وَاُولٰٓئِکَ ہُمُ الۡمُفۡلِحُوۡنَ

നന്മയിലേക്ക് ക്ഷണിക്കുകയും നല്ല കാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധകാര്യങ്ങൾ വിലക്കുകയും ചെയ്യുന്ന ഒരു സംഘം നിങ്ങളിലുണ്ടാവേണ്ടതാണ്. അവർ തന്നെയാണ് വിജയം പ്രാപിക്കുന്നവർ..'(3:105)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## ഇരുലോകത്തും വിജയമുണ്ടാകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ ജനഹൃദയങ്ങളെ ജയിച്ചടക്കുക.

**പരിശുദ്ധി സ്വായത്തമാക്കുക. ബുദ്ധിപൂർവം പ്രവൃത്തിക്കുക. ദൈവഗ്രന്ഥത്തിന്റെ നിർദേശങ്ങളനുസരിച്ച് നടക്കുക. സ്വയം നിങ്ങളെ നന്നാക്കുകയും നിങ്ങളുടെ ശ്രേഷ്ഠമായ സ്വഭാവങ്ങളുടെ മാതൃക മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്യുക.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

### സത്യസന്ധമായ സൂക്ഷ്മബുദ്ധി

സത്യസന്ധമായ സൂക്ഷ്മബുദ്ധിയും സത്യസന്ധമായ വിവേകവും അല്ലാഹുവിലേക്ക് മടങ്ങാതെ കരസ്ഥമാകുകയില്ല. അതുകൊണ്ടാണ് മുഅ്മിന്റെ സൂക്ഷ്മബുദ്ധിയെ ഭയപ്പെടുകയെന്ന് പറയപ്പെട്ടിട്ടുള്ളത്. കാരണം അവൻ 'നൂറെഇലാഹി' യാലാണ്(ദൈവികപ്രകാശം)കാണുന്നത്. സത്യസന്ധമായ സൂക്ഷ്മ ബുദ്ധിയും സത്യസന്ധമായ വിവേകവും ഞാനിപ്പോൾ പറഞ്ഞതുപോലെ തഖ്‌വാ(ഈശ്വരഭയം) ലഭ്യമാകാത്തിടത്തോളം ഒരിക്കലും സിദ്ധിക്കുകയില്ല.

ജീവിതവിജയം നേടാൻ ആഗ്രഹിക്കുന്നെങ്കിൽ ബുദ്ധിപൂർവം കർമം ചെയ്യുക. ചിന്തിക്കുക. ആലോചിക്കുക. ചിന്തിക്കാനും ആലോചിക്കാനും വിശുദ്ധ ഖുർആനിൽ ആവർത്തിച്ച് താക്കീതുകളുണ്ട്. 'കിതാബിൻ മ്മക്നൂനി'ലും(ഭദ്രമായി അടച്ചു സൂക്ഷിക്കപ്പെട്ട ഗ്രന്ഥം) വിശുദ്ധ ഖുർആനിലും ചിന്തിക്കുക. പരിശുദ്ധസ്വഭാവക്കാരായിത്തീരുക. നിങ്ങളുടെ മനസ്സ് പരിശുദ്ധമായിത്തീരുകയും ഇവിടെ ശുദ്ധമായ ബുദ്ധിയോടുകൂടി പെരുമാറുകയും ഭക്തിയുടെ മാർഗത്തിൽ പദമൂന്നുകയും ചെയ്യുമ്പോൾ അവ രണ്ടും കൂടിച്ചേരുന്ന കാരണത്താൽ *റബ്ബനാ മാ ഖലഖ്ത്ത ഹാദാ ബാതിലൻ സുബ്ഹാനക്ക ഫഖിനാ അദാബന്നാർ*(3:192) എന്ന് പറയുന്ന അവസ്ഥ നിങ്ങളുടെ മനസ്സിൽനിന്ന് പുറത്തുവരും. അപ്പോൾ സൃഷ്ടികൾ വ്യർഥമല്ലെന്ന് മനസ്സിലാകും. പ്രത്യുത ദീനിനെ സഹായിക്കുന്ന പലരീതിയിലുള്ള അറിവുകളും വിദ്യകളും പ്രകടമാകാൻ യഥാർഥ നിർമാതാവിന്റെ സത്യാവസ്ഥയ്ക്കും സ്ഥിരീകരണത്തിനുമുള്ള മാർഗദർശനം നല്കുന്നു.

### വെളിപാടിന്റെ വെളിച്ചം

അല്ലാഹു മുസ്‌ലിമീംകളെ കേവലം ബുദ്ധിയുടെ ദാനംകൊണ്ട് ഉന്നതരാക്കിയിട്ടില്ല. പ്രത്യുത ഇൽഹാം അഥവാ വെളിപാടിന്റെ വെളിച്ചവും പ്രകാശവും അതിനോടൊപ്പം നല്കി കരുണ ചെയ്തിരിക്കുന്നു. അടിസ്ഥാനമില്ലാത്ത തർക്കശാസ്ത്രപണ്ഡിതന്മാരും തത്ത്വചിന്തകന്മാരും നടത്താൻ ആഗ്രഹിക്കുന്ന വഴികളിലൂടെ അവർ നടക്കാതിരിക്കേണ്ടതാണ്. അത്തരക്കാരുടെമേൽ സംസാരശക്തി അതിജയിക്കുന്നു. ആത്മീയശക്തി വളരെ ദുർബലമാകുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു തന്റെ ദാസരെ പുകഴ്ത്തി ഉലിൽ അയ്ദി വൽഅബ്സ്വാർ-(നല്ല പ്രവർത്തനശേഷിയുള്ളവരും ദീർഘദൃഷ്ടിയുള്ളവരും)(38:46) എന്നു പറഞ്ഞിരിക്കുന്നു. ഒരിടത്തും 'ഉലിൽഅൽസിന' എന്നു പറഞ്ഞിട്ടില്ല. ഇതിൽനിന്ന് മനസ്സിലാകുന്നത് ദീർഘദൃഷ്ടിയോടും ഉൾക്കാഴ്ചയോടുംകൂടി അല്ലാഹുവിന്റെ പ്രവൃത്തിയേയും ഗ്രന്ഥത്തേയും നോക്കിക്കാണുകയും പിന്നീട് അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരെയാണ് അല്ലാഹുവിന് ഇഷ്ടമെന്നാണ്. ഈ എല്ലാ കാര്യങ്ങളും മനഃപരിശുദ്ധിയും ആന്തരികമായ ശക്തികളുടെ പവിത്രതയും കൂടാതെ ഒരിക്കലും കരസ്ഥമാകുകയില്ല.

### ഇരുലോകവിജയം കരസ്ഥമാക്കുന്നതിനുള്ള മാർഗം

ഇരുലോകത്തും വിജയമുണ്ടാകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ ജനഹൃദയങ്ങളെ ജയിച്ചടക്കുക. പരിശുദ്ധി സ്വായത്തമാക്കുക. ബുദ്ധിപൂർവം പ്രവൃത്തിക്കുക. ദൈവഗ്രന്ഥത്തിന്റെ നിർദേശങ്ങളനുസരിച്ച് നടക്കുക. സ്വയം നിങ്ങ ളെ നന്നാക്കുകയും നിങ്ങളുടെ ശ്രേഷ്ഠമായ സ്വഭാവങ്ങളുടെ മാതൃക മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്യുക. അപ്പോൾ വിജയം വരിക്കുന്നതായിരിക്കും. ആരോ പറഞ്ഞത് എത്രനല്ലതാണ്: *സുഖൻ കസ് ദിൽ ബറും ആയദ് നശീനദ് ലാ ജറം ബർ ദിൽ*(ഏതെങ്കിലും മനസ്സിൽനിന്ന് പുറപ്പെടുന്ന കാര്യം മറ്റുള്ളവരുടെ മനസ്സിൽ കുടിയിരിക്കുന്നു).

അതിനാൽ ആദ്യം മനസ്സുണ്ടാക്കുക. മനസ്സുകളിൽ സ്വാധീനങ്ങൾ ചെലുത്തണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ കർമപരമായ ശക്തിയുണ്ടാക്കുക. കാരണം കർമം കൂടാതെ സംസാരശക്തിയോ മാനുഷിക ശക്തിയോ ഒരു ഫലവും ചെയ്യുകയില്ല. നാവുകൊണ്ട് വർത്തമാനം പറയുന്നവർ ലക്ഷക്കണക്കിനുണ്ട്. മൗലവിമാരെന്നും ഉലമാക്കളെന്നും പറഞ്ഞുകൊണ്ട് ധാരാളം പേർ മിമ്പറുകളിൽകയറി തങ്ങളാണ് റസൂലിന്റെ സഹചാരിയെന്നും അമ്പിയാക്കാന്മാരുടെ അനന്തരാവകാശികളെന്നും നിശ്ചയിച്ച് ഉപദേശം നടത്തി ചുറ്റിക്കറങ്ങുന്നു. അഹങ്കരിക്കരുതെന്നും ദുഷ്കർമങ്ങളിൽനിന്ന് രക്ഷപ്പെടണമെന്നും പറയുന്നു. അതാണെങ്കിൽ അവരുടെ കർമങ്ങളിൽ ഉണ്ടുതാനും. ഏതൊരു ദുഷ്പ്രവർത്തികളാണോ അവർ സ്വയം ചെയ്യുന്നത്, അവയുടെ സ്വാധീനം എത്രത്തോളം നിങ്ങളുടെ മനസ്സുകളിൽ ഉണ്ടാകുന്നുവെന്ന് കണക്കുകൂട്ടി നോക്കുക.

### വാക്കും പ്രവൃത്തിയും ഒന്നായിരിക്കണം.

ഇത്തരത്തിലുള്ള ആളുകൾ കർമപരമായ ശക്തി ഉൾക്കൊള്ളുന്നവരാണെങ്കിലും പറയുന്നതിനുമുമ്പേ സ്വയം പ്രവർത്തിക്കുന്നവരാണെങ്കിലും വിശുദ്ധ ഖുർആനിൽ *ലിമ തഖൂലൂന മാലാ തഫ്അലൂൻ*(61:3)എന്നു പറയേണ്ട ആവശ്യമെന്താണ്? ഈ ആയത്തുതന്നെ പറയുന്നത് പറഞ്ഞിട്ട് പ്രവർത്തിക്കാത്തവരും ലോകത്തുണ്ടായിരുന്നു, ഉണ്ട്, ഉണ്ടായിരിക്കുകയും ചെയ്യും എന്നാണ്.

നിങ്ങൾ ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുക. നല്ലവണ്ണം ഓർമവച്ചുകൊള്ളുക, മനുഷ്യന്റെ സംസാരം സത്യഹൃദയത്തോടെ അല്ലെങ്കിൽ കർമപരമായ ശക്തി അതുൾക്കൊള്ളുന്നില്ലെങ്കിൽ അത് സ്വാധീനം ചെലുത്തുന്നതാകുകയില്ല. ഇതിൽനിന്ന് നമ്മുടെ നബി(സ)തിരുമേനിയുടെ വലിയ സത്യസാക്ഷ്യം സ്ഥാപിതമാകുന്നുണ്ട്. കാരണം അദ്ദേഹത്തിന്റെ ഓഹരിയിൽവന്ന വിജയത്തിന്റേയും ഹൃദയങ്ങളിലുണ്ടായ സ്വാധീനത്തിന്റേയും തുല്യത ആദം സന്തതികളുടെ ചരിത്രത്തിൽ ഇല്ല. ഇതിനുകാരണം അവിടത്തെ വാക്കും പ്രവൃത്തിയും പൂർണമായും യോജിച്ചിരുന്നു എന്നതാണ്.

### ഞാൻ പറയുന്ന ഈ കാര്യങ്ങൾ അനുസരിച്ച് കർമം ചെയ്യുക:

ഞാൻ പറയുന്ന ഈ കാര്യങ്ങൾ എന്തിനെന്നാൽ, ഞാനുമായി ബന്ധം വെക്കുന്ന നിങ്ങൾ ആ ബന്ധം കാരണത്താൽ എന്റെ അവയവങ്ങൾ ആയിത്തീരണം. നിങ്ങളുടെ ഉള്ളിൽ സത്യമായ ഈശ്വരജ്ഞാനവും ദൃഢവിശ്വാസത്തിന്റെ വെളിച്ചവും ഉണ്ടാകുന്നതിന് ഇക്കാര്യങ്ങൾ അനുസരിച്ച് കർമം ചെയ്യുക, ബുദ്ധികൊണ്ടും ദൈവഗ്രന്ഥംകൊണ്ടും പ്രവർത്തിക്കുക. നി ങ്ങൾ മറ്റുള്ളവരെ അന്ധകാരത്തിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നതിന് മധ്യവർത്തികളാകുക. ഈയിടെയായി ആക്ഷേപങ്ങളുടെ അടിത്തറ ശാരീരികവും വൈദ്യപരവും ഗോളശാസ്ത്രപരവുമായ പ്രശ്നങ്ങളിന്മേലാണ്. മറുപടി പറയുന്നതിനു മുമ്പേ ആക്ഷേപത്തിന്റെ യാഥാർഥ്യം നമ്മളിൽ തുറക്കുന്നതിനും ഈ അറിവുകളിൽ വൈദഗ്ധ്യം നേടേണ്ടതും വിവരങ്ങളുടെ ജ്ഞാനം കരസ്ഥമാക്കേണ്ടതും നിർബന്ധമായിത്തീരുന്നു.

(ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫ്ദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# ജപ്പാനും ജപ്പാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഹ്രസ്വചരിത്രവും

ഹൊക്കായിഡോ, ഹൊൻഷിയോ, ഷികോകോ, കൈഷു(Hokkaido, Honshio, shikoko, Kyhu) എന്നീ 4 വലിയ ദ്വീപുകളും ആയിരക്കണക്കിന് ചെറു ദ്വീപ സമൂഹങ്ങളും ഉൾക്കൊള്ളുന്നതാണ് ജപ്പാൻ രാഷ്ട്രം. ജപ്പാന്റെ ആകെ നീളം 2360 മൈലാണ്. 'പർവ്വതങ്ങളുടെ ഭൂമി' എന്നും ജപ്പാൻ വിളിക്കപ്പെടുന്നു. ജപ്പാൻ ഭൂമിയുടെ 67 ശതമാനവും പർവ്വത പ്രദേശങ്ങളാണ്. കേവലം 33 ശതമാനമേ നിരന്നഭൂമിയായി ട്ടുള്ളു.

എണ്ണമറ്റ പർവ്വത പ്രദേശങ്ങൾ വാസയോഗ്യ സ്ഥലങ്ങളെ പരിമിതമാക്കി. നിരന്ന സ്ഥലത്ത് വർധിച്ച ജനത്തോത് എന്ന അടിസ്ഥാനത്തിൽ ലോകത്തെ ഏറ്റവും ഇടുക്കമുള്ള രാജ്യമാണ് ജപ്പാൻ. കേവലം ടോക്കിയോയുടെ മാത്രം ജനസംഖ്യ ഒന്നര കോടിയോളം എത്തിയിരിക്കുന്നു. സ്ഥല പരിമിതി കാരണത്താൽ റെയിൽവേ സംവിധാനം ഇവിടെ ഭൂമിക്കടിയിലാണ്. ചില സ്ഥലങ്ങളിൽ മൂന്ന് നിലയിൽ ഈ സംവിധാനം ഒരുക്കപ്പെട്ടിരിക്കുന്നു.ഇതേപോലെ ഭൗമോപരിതലത്തിൽ മൂന്ന് നിലയിൽ തയ്യാറാക്കപ്പെട്ട റോഡ് സംവിധാനമാണുള്ളത്. പട്ടണത്തിനുള്ളിൽ വിവിധ സ്ഥലങ്ങളിൽ മൈലുകളോളം നീണ്ട പാലങ്ങളുണ്ടാക്കി മൂന്നു നിലയിൽ തയ്യാറാക്കപ്പെട്ട റോഡു സംവിധാനവുമുണ്ട്. ഇത് ട്രാഫിക് സംവിധാനം സുഗമമാക്കി.

1935-ൽ അഹ്മദിയ്യാ മിഷൻ ജപ്പാനിൽ സ്ഥാപിതമായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന്റെ അനുഗൃഹീത കാലഘട്ടമായിരുന്നു അത്. ഹദ്റത്ത് സൂഫി അബ്ദുൽ ഖദീർ സാഹിബ് ആദ്യ മുബല്ലിഗ് എന്ന നിലയിൽ 1935 ജൂൺ മാസത്തിൽ ജപ്പാനിലെത്തി. ഏകദേശം രണ്ട് വർഷത്തിനുശേഷം 1937 ജനുവരി 10-ന് രണ്ടാമത്തെ മുബല്ലിഗ് എന്ന നിലയിൽ ആദരണീയനായ മൗലവി അബ്ദുൽ ഗഫൂർ നാസിർ സാഹിബ് ജപ്പാനിലെത്തി. ഇവിടെ അഹ്മദിയ്യത്തിന്റെ സന്ദേശം തുടർച്ചയായി വ്യാപിപ്പിച്ചു കൊണ്ടിരുന്നു. 1941-ൽ അദ്ദേഹം ഖാദിയാനിൽ മടങ്ങിയെത്തി.

പിന്നീട് രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം 1969 സെപ്റ്റംബർ 8-ന് ആദരണീയനായ മേജർ അബ്ദുൽ ഹമീദ് സാഹിബ് മുബല്ലിഗ് എന്ന നിലയിൽ ജപ്പാനിലെത്തി. ചെറിയ ചെറിയ ഇടവേളകൾക്കു ശേഷം മുബല്ലിഗുമാർ അവിടെ എത്തിക്കൊണ്ടിരുന്നു.

ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ടോക്കിയോയിലും നാഗോയായിലും ജമാഅത്തുകളുണ്ട്. ജമഅത്ത് സെന്ററുകളും അവിടെയുണ്ട്. ജമാഅത്തിന്റെ ആദ്യ കേന്ദ്ര മിഷൻ ഹൗസ് നാഗോയ പട്ടണ പ്രദേശമായ മെയ്ടു-കുയിൽ (Meitu-Ku)സ്ഥിതി ചെയ്യുന്നു. ഈ കേന്ദ്ര മിഷൻഹൗസ് കെട്ടിടം അവിടുത്തെ മുൻ മുബല്ലിഗായിരുന്ന ആദരണീയനായ അത്വാഉൽ മുജീബ് റാശിദ് സാഹിബാണ് 1981 സെപ്റ്റംബർ 11-ന് വാങ്ങിയത്. ഇപ്രകാരം ജപ്പാനിൽ സ്ഥായിയായ ദാറുത്തബ്‌ലീഗ് പ്രവർത്തനക്ഷമമായി. 'ദ ജപ്പാൻ ടൈംസ്'(The Japan Times) അന്ന് സ്ഥാപനവാർത്ത പ്രസിദ്ധീകരിച്ചു. ഈ മിഷൻ ഹൗസ് രണ്ടു നിലയാണ്. മുകളിൽ കാർട്ടേഴ്സും താഴെ ഓഫീസ്, ലൈബ്രറി, നമസ്കരിക്കാനുള്ള പരിമിതമായ സ്ഥലവും ഉൾക്കൊള്ളുന്നു.

2013 ജൂണിൽ നാഗോയായിൽ മസ്ജിദ് നിർമിക്കാൻ വേണ്ടി ഒരു സ്ഥലം വാങ്ങി. ഏകദേശം 3000 ചതുരശ്ര മീറ്റർ ആണ് സ്ഥലത്തിന്റെ വിസ്തീർണം. ഒരു കോൺക്രീറ്റ് ബിൽഡിംഗ് ഇതിൽ മുമ്പേ ഉണ്ടായിരുന്നു. 19 വർഷം മുമ്പേ നിർമിതമായ ഈ ബിൽഡിംഗ് ഗെയിം സെന്ററായി ഉപയോഗിച്ചു വന്നിരുന്നു. 8 ലക്ഷം ഡോളർ ഇതിന് വില നൽകിയാണ് വാങ്ങിയത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെ മസ്ജിദ് നിർമാണം കഴിഞ്ഞു. മസ്ജിദിന് ഹുദൂർ 'മസ്ജിദ് ബയ്ത്തുൽ അഹദ്' എന്ന് നാമകരണം ചെയ്തു. നവംബർ 20 ന് അതിന്റെ ഉദ്ഘാടനം ഹുദൂർ നിർവഹിക്കുന്നതായിരിക്കും. ജപ്പാൻ മണ്ണിൽ ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ ആദ്യ മസ്ജിദാണ്.

മസ്ജിദിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വാർത്തകൾ വരാൻ തുടങ്ങി. 2015 നവംബർ 11-ന് മസ്ജിദ് നിർമാണത്തിന്റെ പൂർത്തീകരണം അറിയിച്ചുകൊണ്ടു താഴെ ചേർക്കുന്ന വാർത്ത രാജ്യത്തെ രണ്ടാമത്തെ വലിയ പത്രമായ അസാഹി ഷിൻബൻ(Asahi Shinbun) പ്രസിദ്ധീകരിച്ചു.

### സ്നേഹം വിശ്വാസത്തിന്റെ ഭാഗമാക്കിയ മുസ്‌ലിമീംകൾ

ജപ്പാൻ അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദും കമ്മ്യൂണിറ്റി സെന്ററും ആയിച്ചി പ്രഫെക്ചറിലെ തസുഷീമ പട്ടണത്തിൽ നിർമാണം പൂർത്തിയായി. ചെറുതും വലുതുമായ അഞ്ച് മിനാരം ഉൾക്കൊള്ളുന്ന ഈ മസ്ജിദിൽ 500 പേർക്ക് നമസ്കരിക്കാൻ സൗകര്യമുണ്ട്. ഇത് രാജ്യത്തെ വലിയ മസ്ജിദ് എന്ന് പറയപ്പെടുന്നു. രണ്ടാം നിലയിൽ ഓഫീസും കിച്ചനും കൂടാതെ ലൈബ്രറിയുമുണ്ട്. വർഗ വർണ്ണ മത വ്യത്യാസ വിവേചനമില്ലാതെ ഏതൊരു വ്യക്തിക്കും ഈ മസ്ജിദിൽ വരാവുന്നതാണ്. ഇവിടെ ഇംഗ്ലീഷ്, അറബി, ഉർദു ഭാഷകൾ പഠിക്കാനുള്ള സൗകര്യം ഉള്ളതിനോടൊപ്പം പ്രദേശവാസികളെ പരിചയപ്പെടാനുള്ള പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

സ്നേഹ സമാധാനത്തെ കുറിച്ചുള്ള പ്രചാരണം, തങ്ങളുടെ ജനതയോടൊപ്പം ചേർന്നുകൊണ്ട് പരിപാടികൾ സംഘടിപ്പിക്കൽ അഹ്മദിയ്യാ ജമാഅത്തിന്റെ സവിശേഷതയാണ്. ജപ്പാനിൽ പാകിസ്താനികളും ഇതര 15 രാഷ്ട്രത്തിൽ നിന്നുള്ള വ്യക്തികൾ ഉൾപ്പെടെ 200 നോടടുത്ത അംഗങ്ങൾ ഈ ജമാഅത്തിനുണ്ട്. സേവനരംഗങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന ജമാഅത്താണിത്. കോബെയിൽ വന്ന ഭൂചലനം കൂടാതെ സുനാമി, വടക്കേജപ്പാനിൽ വന്ന ഭൂചലനങ്ങൾ കൂടാതെ ഈ വർഷം ഉണ്ടായ പ്രളയം ബാധിച്ചവർക്ക് ഭക്ഷണവും മറ്റും വിതരണം ചെയ്യുന്ന പ്രവൃത്തിയിൽ പങ്കാളികളായിക്കൊണ്ടിരുന്നു.

ജപ്പാൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്വദ്റും മുബല്ലിഗ് ഇൻചാർജുമായ 37 വയസ്സുള്ള അനീസ് അഹ്മദ് നദീം പറഞ്ഞത് ഇങ്ങനെയാണ്:'ഞങ്ങൾ ആഗ്രഹിക്കുന്നത് ജപ്പാൻകാർ ഇസ്‌ലാമിന്റെ യഥാർഥ ജ്ഞാനം നേടണമെന്നാണ്. അതിന്നുവേണ്ടി അവർ സ്വയം വരണം. സ്വന്തം കണ്ണുകൾകൊണ്ട് യഥാർഥ ഇസ്‌ലാം എന്താണെന്ന് കാണണം.

നവംബർ 20-ാം തിയതി ഉച്ചക്ക് 12 മുതൽ 2.30 വരെ ഉദ്ഘാടന ചടങ്ങ് നടക്കും. അഹ്മദിയ്യാ ജമാഅത്തിന്റെ അന്തർ ദേശീയ കേന്ദ്രമായ ലണ്ടനിൽനിന്ന് ജമാഅത്തിന്റെ പരമോന്നത നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് പരിപാടിയിൽ സംബന്ധിക്കുകയും നവംബർ 21 ന് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ സംബന്ധിക്കുന്നവരെ അഭിമുഖീകരിക്കുകയും ചെയ്യുന്നതായിരിക്കും.

മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ അയൽവാസികളിൽനിന്നും ജപ്പാൻകാരിൽനിന്നും എല്ലാവിധ സഹകരണവും ആശംസകളും ലഭ്യമാകുന്നുണ്ട്. ജമാഅത്തിന്റെ പ്രസിഡന്റ് പറഞ്ഞു: അതിഥികളുടെ ആധിക്യം കാരണം താമസ സൗകര്യം നൽകുന്ന കാര്യത്തിൽ ബുദ്ധിമുട്ട് നേരിട്ടിരുന്നു. വിദേശ രാജ്യത്തുനിന്ന് ധാരാളം അതിഥികൾ വരുന്നുണ്ടായിരുന്നു. അല്ലാഹുവിന്റെ പ്രത്യേക സഹായത്താൽ ഒരു ജപ്പാനി സുഹൃത്ത് ഒരു മൂന്ന് നില കെട്ടിടം നമുക്ക് നൽകി. ഇവിടെ 50 ലധികം അതിഥികൾക്ക് നല്ല രീതിയിൽ താമസിക്കാൻ സാധിക്കുന്നു.

മസ്ജിദിന്റെ മുമ്പിൽ ഈന്തപ്പനയോ അതിനോട് സാമ്യമുള്ളതോ ആയ വൃക്ഷം നടാൻ അഗ്രഹിച്ചിരുന്നു. മസ്ജിദിന്റെ ഒരു അയൽവാസി തന്റെ വീടിന്റെ മുറ്റത്തു നിന്ന രണ്ട് ഈന്തപ്പന മരം നൽകിയിരിക്കുന്നു. ഇപ്പോഴിത് മസ്ജിദിന്റെ അഴക് കൂട്ടുന്നു.

മസ്ജദിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ഇരുന്നൂറിന്നടുത്ത് അതിഥികൾ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.150 ഓളം വാഹനങ്ങൾക്ക് പാർക്ക് ചെയ്യണമായിരുന്നു. സമീപത്തുള്ള മൂന്ന് അയൽവാസികളോട് സ്ഥലത്തിനുവേണ്ടി അപേക്ഷിച്ചു. വളരെ സന്തോഷത്തോടെ പാർക്കിംഗിനുള്ള സ്ഥലം അവർ നൽകുകയുണ്ടായി.

ജപ്പാൻകാർ ഉദ്ഘാടന വേളകളിൽ വിലപിടിച്ച പുഷ്പങ്ങൾകൊണ്ട് വളരെയധികം മനോഹരമായി ഒരുക്കങ്ങൾ നടത്താറുണ്ട്. നമ്മുടെ രണ്ട് ജപ്പാനി സുഹൃത്തുക്കൾ മുമ്പേതന്നെ ഇതു വിഷയമായി ബന്ധപ്പെട്ടു സഹായം വാഗ്ദാനം ചെയ്തു. സ്വീകരണ സമയത്ത് പന്തലും ഉദ്ഘാടന സമയത്ത് മസ്ജിദിന്റെ പുറംഭാഗവും പൂക്കൾകൊണ്ട് അലങ്കരിക്കാനാണ് അവർ ആഗ്രഹം പ്രകടിപ്പിച്ചത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ മസ്ജിദ് വളരെ മനോഹരമായാണ് നിർമിക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ മിനാരങ്ങളിൽ പച്ച നിറത്തിലുള്ള പ്രകാശം ദൂരത്തുനിന്നുതന്നെ ദൃശ്യമാകും. ഇത് ആ പ്രദേശത്തെയാകെ പ്രകാശിപ്പിക്കുന്ന മിനാരമായിട്ടുണ്ട്. പ്രധാന റോഡിന്റെ അരികിൽ സ്ഥിതി ചെയ്യുന്ന കാരണത്താൽ കടന്നു പോകുന്ന ഓരോ യാത്രക്കാരനും ഈ മസ്ജിദ് ഒരു കാഴ്ചയാണ്. ദിനേന ആയിരക്കണക്കിന് വ്യക്തികളുടെ ദൃഷ്ടി ഇതിൽ പതിയുന്നു. ബഹുദൈവാരാധകരായ ജപ്പാൻകാർക്ക് ഇനി ഈ മസ്ജിദിന്റെ മിനാരത്തിൽനിന്ന് ഏകദൈവ വിശ്വാസത്തിന്റെ പ്രകാശം പ്രകടമായിക്കൊണ്ടിരിക്കും.

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) പറഞ്ഞിരുന്നു: "ജപ്പാനിയോം കൊ ഉംദ മദ്ഹബ് കിതലാശ് ഹെ." "അഗർ ഖുദാ ചാഹേഗാ തൊ

(ശേഷം പേജ് 11ൽ)

# ഖുത്ബ ജുമുഅ

**ദൈവികമായ യുക്തി സയ്ദ് തന്റെ ഭാര്യ(സയ്നബ)ക്ക് ത്വലാഖ് കൊടുക്കുകയും അവർ നബി(സ)തിരുമേനിയുടെ ഭാര്യയാകുകയും ചെയ്യുക എന്നതായിരുന്നു. അങ്ങനെ രാജ്യത്തിന്റെ നിയമപ്രകാരമുള്ള സന്താനങ്ങൾ പ്രകൃതി നിയമപ്രകാരമുണ്ടാകുന്ന സന്താനങ്ങളെപ്പോലെ ഉള്ളവരല്ലെന്ന് സ്ഥാപിക്കുകയായിരുന്നു.**

**നബി(സ)തിരുമേനി മോചിപ്പിച്ച അടിമ, ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ ബദ്രി സ്വഹാബി ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ(റ)യുടെ ജീവിതചരിത്രത്തിന്റെ മനോഹരമായ ചർച്ച.**

**നബി(സ)തിരുമേനിയുമായി ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് സയ്നബ് ബിൻത് ജഹ്ശിന്റെ വിവാഹവുമായി ബന്ധപ്പെട്ട കൂടുതൽ വിശദീകരണം, ഇതുസംബന്ധമായുള്ള ബലഹീനമായ നിവേദനങ്ങളിൽ ആകർഷിതരായ യൂറോപ്യൻ എഴുത്തുകാരുടെ വ്യർഥമായ ആക്ഷേപങ്ങൾക്ക് വ്യക്തമായ മറുപടി.**

**അസീസ മർയം സൽമാൻ ഗുല്ലിനെ കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2019 ജൂൺ 21/1398 ഇഹ്സാൻ 21 മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, (ടിൽഫോർട്, സർറെ)യു.കെ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ഖുത്ബയിൽ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ ഉദ്ധരിച്ച് ചില കാര്യങ്ങൾ വിവരിക്കേണ്ടതുണ്ടെന്ന് ഞാൻ പറഞ്ഞിരുന്നു. ഇതു സംബന്ധമായി ഹദ്റത്ത് സയ്നബ് ബിൻത് ജഹ്ശിന്റെ വിവാഹം നബി(സ)തിരുമേനിയുമായി പിന്നീട് നടന്നുവെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ഇനി കൂടതൽ കാര്യങ്ങൾ പറയാനുണ്ടെന്നും പറഞ്ഞിരുന്നു.

വിവാഹ സമയത്ത് ഹദ്റത്ത് സയ്നബ് ബിൻത് ജഹ്ശിന്റെ പ്രായം 35 വയസ്സായിരുന്നു. അറേബ്യയുടെ അവസ്ഥ കണക്കിലെടുത്ത് അത് മധ്യമ പ്രായമെന്നോ വലിയ പ്രായമെന്നോ പറയേണ്ടതാണ്. ഹദ്റത്ത് സയ്നബ് അങ്ങേയറ്റം ഭയഭക്തിയുള്ളവരും സൂക്ഷ്മതയോടുകൂടി ജീവിക്കുന്നവരും നന്മ നിറഞ്ഞവരുമായിരുന്നു. നബി(സ)തിരുമേനിയുടെ ഭാര്യമാരിൽ സയ്നബ് മാത്രമായിരുന്നു ഹദ്റത്ത് ആഇശാ(റ)യുമായി കിടപിടിച്ചിരുന്നത്. സമാസമം പിടിച്ചു നിന്നിരുന്നത്. ഹദ്റത്ത് ആഇശ(റ) അവരുടെ വ്യക്തിപരമായ തഖ്വയേയും പരിശുദ്ധിയേയും ഒരുപാട് പ്രകീർത്തിച്ചിരുന്നു. താൻ സയ്നബിനെക്കാൾ നല്ലവരായ സ്ത്രീയെ കണ്ടിട്ടില്ലെന്ന് ഹദ്റത്ത് ആഇശ(റ) പറയാറുണ്ടായിരുന്നു. അവർ വളരെ മുത്തഖിയും സത്യം പറയുന്നവരും ചാർച്ചയെ ചേർത്തുനിറുത്തുന്നവരും ധാരാളം ദാനധർമങ്ങൾ ചെയ്യുന്നവരും നന്മയിലും ദൈവസാമിപ്യം പ്രാപിക്കുന്ന കർമങ്ങളിലും അങ്ങേയറ്റം ഉത്സാഹിയുമായിരുന്നു; സ്വഭാവത്തിൽ അല്പം കടുപ്പം ഉണ്ടായിരുന്നുവെന്നേയുള്ളു. എന്നാൽ, കടുപ്പത്തിനുശേഷം പെട്ടെന്നുതന്നെ ലജ്ജിതയാകുമായിരുന്നു. ദാനധർമങ്ങളിൽ അവർക്കുണ്ടായിരുന്ന സ്ഥാനത്തെ കുറിച്ച് ഹദ്റത്ത് ആഇശ(റ)നിവേദനം ചെയ്യുന്നു: ഒരിക്കൽ നബി(സ)തിരുമേനി ഞങ്ങളോട് പറയുകയുണ്ടായി,

**അസ്റഉകുന്ന ലിഹാഖൻ ബീ അത്വലുകുന്ന യദൻ**

അതായത് നിങ്ങളിൽ ഏറ്റവും നീളം കൂടിയ കൈയുള്ളവൾ എന്റെ വഫാത്തിനുശേഷം ഏറ്റവുമാദ്യം മരണപ്പെട്ട് എന്റെയടുത്ത് എത്തിചേരുന്നതാണ്. ഹദ്റത്ത് ആഇശ(റ) പറയുന്നു: ഞങ്ങൾ ബാഹ്യമായ കൈയാണെന്ന് കരുതി സ്വന്തം കൈകൾ അളന്ന് നോക്കുമായിരുന്നു. എന്നാൽ, നബി(സ)തിരുമേനിക്ക് ശേഷം ഏറ്റവുമാദ്യം സയ്നബ് ബിൻത് ജഹ്ശ് വഫാത്തായി. അപ്പോഴാണ് കൈ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ദാനധർമത്തിന്റെ കൈയാണെന്നും അതല്ലാതെ ബാഹ്യമായ കൈ അല്ലെന്നുമുള്ള രഹസ്യം ഞങ്ങൾക്കു മനസ്സിലായത്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ‘ആശങ്കപ്പെട്ടതുപോലെ ഹദ്റത്ത് സയ്നബിന്റെ വിവാഹത്തിൽ മദീനയിലെ കപടവിശ്വാസികൾ ഒരുപാട് ആക്ഷേപങ്ങൾ ഉന്നയിച്ചിരുന്നു. മുഹമ്മദ്(സ) തന്റെ മകൻ ത്വലാഖ് ചൊല്ലിയ സ്ത്രീയുമായി അതായത് മകന്റെ ഭാര്യയെ തന്റെമേൽ ഹലാലാക്കിയിരിക്കുന്നുവെന്ന് അവർ പരസ്യമായി ആരോപിച്ചു. എന്നാൽ, ആ വിവാഹത്തിന്റെ ഉദ്ദേശ്യം, അറബികളിൽ നടമാടിയിരുന്ന വമ്പിച്ച ഒരു അനാചാരം അകറ്റുക എന്നതായിരുന്നു. അതുകൊണ്ടുതന്നെ ഇത്തരം ആക്ഷേപങ്ങൾ കേൾക്കേണ്ടതും നിർബന്ധമായിരുന്നു. ഇവിടെ മറ്റൊരു കാര്യവും പറയേണ്ടിയിരിക്കുന്നു. ഇബ്നു സഅ്ദ്, ത്വബ്രി തുടങ്ങിയവരും അടിമുടി അബദ്ധജടിലവും അടിസ്ഥാനരഹിതവുമായ നിവേദനങ്ങളാണ് ഹദ്റത്ത് സയ്നബ് ബിൻത് ജഹശിന്റെ വിവാഹത്തെ സംബന്ധിച്ച് പകർത്തിയിരിക്കുന്നത്. അതുമുഖേന നബി(സ)തിരുമേനിയുടെ സവിശേഷമായ വ്യക്തിത്വത്തിന്നെതിരിൽ ആക്ഷേപത്തിനുള്ള അവസരം ശത്രുക്കൾക്ക് ലഭിക്കുന്നു. ചില ക്രൈസ്തവ ചരിത്രകാരന്മാർ ഈ നിവേദനംകൊണ്ട് അങ്ങേയറ്റം മ്ലേച്ഛമായ രൂപത്തിൽ തങ്ങളുടെ ഗ്രന്ഥങ്ങൾ മോടിപിടിപ്പിച്ചിരിക്കുന്നു.

നിവേദനമിതാണ്:നബി(സ)തിരുമേനി സയ്നബ് ബിൻത് ജഹ്ശിന്റെ വിവാഹം സയ്ദുമായി നടത്തിയതിനുശേഷം ഏതോ ഒരവസരത്തിൽ സയ്ദിനെ അന്വേഷിച്ച് അവരുടെ വീട്ടിൽ പോയി. ആ നേരത്ത് സയ്ദ് ബിൻ ഹാരിഥ വീട്ടിലുണ്ടായിരുന്നില്ല. നബി(സ)തിരുമേനി വാതിലിനു വെളിയിൽനിന്ന് സയ്ദിനെ വിളിച്ചു. അപ്പോൾ അദ്ദേഹം അവിടെ ഇല്ലെന്ന് സയ്നബ് ഉള്ളിൽനി ന്ന് മറുപടി നല്കി. അതിനോടൊപ്പം നബി(സ)തിരുമേനിയുടെ ശബ്ദം തിരിച്ചറിഞ്ഞ് ചാടി എഴുന്നേറ്റ് പറഞ്ഞു: യാ റസൂലല്ലാഹ്! എന്റെ മാതാവും പിതാവും അങ്ങയ്ക്ക് തെണ്ടമാണ്. അങ്ങ് ഉള്ളിൽ വന്നാലും. പക്ഷേ, നബി(സ) തിരുമേനി അത് നിഷേധിക്കുകയും മടങ്ങിപ്പോരുകയും ചെയ്തു.

ഈ നിവേദകൻ ഇത്തരത്തിലുള്ള നിവേദനം പിന്നീട് എഴുതുന്നുണ്ട്. എന്നാൽ, ഹദ്റത്ത് സയ്നബ് പരിഭ്രമിച്ച് അത്തരം അവസ്ഥയിൽ എഴുന്നേറ്റുനിന്നു. അപ്പോൾ അവരുടെ ദേഹത്ത് പുതപ്പുണ്ടായിരുന്നില്ല. വീടിന്റെ വാതിൽ തുറന്നു കിടന്നിരുന്നു. നബി(സ) തിരുമേനിയുടെ ദൃഷ്ടി അവരുടെമേൽ പതിഞ്ഞു. നഊദുബില്ലാഹ് അവരുടെ സൗന്ദര്യത്തിൽ ആകർഷിതനായി സുബ്ഹാനല്ലാഹിൽ അളീമി സുബ്ഹാനല്ലാഹി മുസ്വർരിഫിൽ ഖുലൂബി ഏറ്റവും മഹത്ത്വമുടയവനായ അല്ലാഹു പരിശുദ്ധനാകുന്നു. മനുഷ്യരുടെ ഹൃദയങ്ങൾ ആരുടെ കൈയിലാണോ അവൻ പരിശുദ്ധനാകുന്നു. അവനെങ്ങോട്ട് ഇച്ഛിക്കുന്നുവോ അതിനെ തിരിക്കുന്നു എന്നീ വാക്കുകൾ മൂളിക്കൊണ്ട് മടങ്ങിപ്പോയി.

സയ്ദ് ബിൻ ഹാരിഥ മടങ്ങി വന്നപ്പോൾ സയ്നബ് അദ്ദേഹത്തോടു നബി(സ)തിരുമേനി വന്ന കഥ വിവരിച്ചു. നബി(സ)തിരുമേനി എന്താണ് പറഞ്ഞതെന്ന് സയ്ദ് ചോദിച്ചപ്പോൾ ഹദ്റത്ത് സയ്നബ് നബി(സ)തിരുമേനി ഉരുവിട്ട ഈ വാക്കുകൾ പറഞ്ഞു. ‘ഉള്ളിൽ കയറാൻ ഞാൻ പറഞ്ഞിരുന്നുവെങ്കിലും അവിടന്ന് കയറിയില്ല. തിരിച്ചു പോകുകയും ചെയ്തു.’ ഇതുകേട്ട് സയ്ദ് നബി(സ)തിരുമേനിയുടെ അടുത്ത് പോയി. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! ഒരു പക്ഷേ, അങ്ങയ്ക്ക് സയ്നബിനെ ഇഷ്ടമാകും. അങ്ങ് ഇഷ്ടപ്പെടുന്നുവെങ്കിൽ ഞാൻ സയ്നബിനെ ത്വലാഖ് ചൊല്ലാം. അങ്ങ് സയ്നബിനെ വിവാഹം കഴിക്കുക. അവിടന്ന് പറഞ്ഞു: ‘സയ്ദേ! അല്ലാഹുവിനെ ഭയപ്പെടുക. സയ്നബിനെ ത്വലാഖ് ചൊല്ലരുത്.’ ഈ നിവേദനം ചെയ്യുന്നയാൾ പിന്നീട് എഴുതുന്നു: ‘എന്നാൽ, അതിനുശേഷം സയ്ദ്, സയ്നബിനെ ത്വലാഖ് ചൊല്ലി.’ ഈ നിവേദനമാണ് ഇബ്നുസഅ്ദും ത്വബരി തുടങ്ങിയവരും ഈ അവസരത്തിൽ വിവരിച്ചിരിക്കുന്നത്. വേണമെങ്കിൽ ഈ നിവേദനത്തിന് ആക്ഷേപാർഹമല്ലാത്ത രീതിയിൽ വ്യാഖ്യാനം നല്കാവുന്നതാണ്. എന്നാൽ, ഈ വിവരിക്കപ്പെട്ട സംഭവം

ആപാദചൂഡം അന്യായവും കളവ് നിറഞ്ഞതുമാകുന്നു എന്നതാണ് യാഥാർഥ്യം. അത് കളവാണെന്ന് എല്ലാ വിധത്തിലും പ്രകടമാകുന്നുണ്ട്. നിവേദനവും ബുദ്ധി വിചാരണയും എല്ലാ വിധത്തിലും അത് കളവാണെന്ന് പ്രകടിപ്പിക്കുന്നു. നിവേദനമെന്ന നിലയിൽ ഇത്രമാത്രം അറിഞ്ഞാൽ മതി. ഈ കഥയുടെ നിവേദകന്മാരിൽ അധികവും വാഖ്ദിയും അബ്ദുല്ലാഹ് ബിൻ ആമിറുമാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഇവർ ഇരുവരും ഗവേഷകന്മാരുടെ നോട്ടത്തിൽ തികച്ചും ദുർബലരും വിശ്വസിക്കാൻ പറ്റാത്തവരുമാണ്. എത്രത്തോളമെന്നാൽ വാഖ്ദി തന്റെ കളവ് വിവരിക്കന്നതിലും വ്യാജം പ്രചരിപ്പിക്കുന്നതിലും എത്ര മാത്രം അറിയപ്പെടുന്ന ആളാണെന്നാൽ മുസ്‌ലിമീംകൾ എന്നു പറയപ്പെടുന്ന നിവേദകന്മാരിൽ അതിന് ഉദാഹരണം ലഭിക്കുകയില്ല. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: 'ഇതിന്നെതിരിൽ ഞങ്ങൾ സ്വീകരിച്ചിട്ടുള്ള നിവേദനങ്ങളിൽ നബി(സ) തിരുമേനിയുടെ സന്നിധിയിൽവന്ന് സയ്നബിന്റെ ദുഷ്പെരുമാറ്റത്തെ കുറിച്ച് സയ്ദിന്റെ പരാതിപെടൽ വിവരിക്കപ്പെട്ടിരിക്കുന്നു.' (അത് കഴിഞ്ഞ് ഖുത്ബയിൽ വിവരിച്ചിരുന്നു). അതിനെതിരിൽ 'താങ്കൾ അല്ലാഹുവിനെ ഭയപ്പെടുക, ത്വലാഖ് കൊടുക്കരുത്' എന്നുള്ള നബി(സ)തിരുമേനിയുടെ വിവരണം വിവരിക്കപ്പെട്ടിരിക്കുന്നു. ഈ നിവേദനം ബുഖാരിയുടെ നിവേദനമാണ്. അത് ശത്രുവിന്റേയും മിത്രത്തിന്റേയും നോട്ടത്തിൽ വിശുദ്ധ ഖുർആനുശേഷം ഇസ്‌ലാമിക ചരിത്രത്തിന്റെ ശരിയായ റെക്കോർഡായി മനസ്സിലാക്കപ്പെടുന്നു. അതിനെതിരിൽ ഒരു ആക്ഷേപകനും വിരൽ ചൂണ്ടാൻ ധൈര്യമുണ്ടാകുകയില്ല. അതിനാൽ നിവേദന നിയമത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു നിവേദനത്തിന്റേയും നിലയും വിലയും പ്രകടമാണ്.

ഇപ്രകാരം ബുദ്ധിപരമായി ചിന്തിക്കുകയാണെങ്കിലും ഇബ്നു സഅ്ദ് തുടങ്ങിയവരുടെ നിവേദനം തെറ്റാണെന്നതിൽ സംശയമൊന്നുമില്ല. കാരണം സയ്നബ്, നബി(സ)തിരുമേനിയുടെ മച്ചൂനത്തിയാണെന്ന കാര്യം സുസമ്മതമാകുമ്പോൾ, അവിടന്ന് തന്നെയാണ് വൊലിയായി നിന്ന് സയ്നബിനെ നിക്കാഹ് ചെയ്തു കൊടുത്തതെന്ന് വരുമ്പോൾ, മറുഭാഗത്ത് അതുവരെ മുസ്‌ലിം സ്ത്രീകൾ പർദ ആചരിക്കാറുണ്ടായിരുന്നില്ലെന്ന് വരുമ്പോൾ, എന്നല്ല നബി(സ) തിരുമേനി, ഹദ്റത്ത് സയ്നബിനെ വിവാഹം കഴിച്ചതിനുശേഷമാണ് ആദ്യമായി പർദയുടെ കല്പന ഇറങ്ങുന്നതുതന്നെ എന്നു വരുമ്പോൾ നബി(സ)തിരുമേനി സയ്നബിനെ ഒരിക്കലും കണ്ടിട്ടില്ലെന്നും യാദൃച്ഛികമായാണ് നബിയുടെ ദൃഷ്ടി സയ്നബിൽ പതിയുകയും അവിടന്ന് അവരിൽ അനുരക്തനായി എന്നു പറയുകയും ചെയ്യുന്നത് വ്യക്തമായ കളവും അപരാധവുമാണ്. അതിനെക്കാൾ കൂടുതൽ വില അതിനില്ല. തീർച്ചയായും അവിടന്ന് സയ്നബിനെ അതിനുമുമ്പേ ആയിരക്കണക്കിന് പ്രാവശ്യം കണ്ടിട്ടുണ്ടാകും. അവരുടെ സൗന്ദര്യവും ഭംഗിയും വ്യക്തമായിട്ടുമുണ്ടാകും. പുതപ്പോടുകൂടി കാണുന്നതും പുതപ്പില്ലാതെ കാണുന്നതും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. പക്ഷേ, ബന്ധം ഇത്രമാത്രം അടുത്തതാകുകയും പർദയുടെ ആചാരവും കല്പനയും നിലവില്ലാതിരിക്കുകയും എപ്പോഴും കൂടിക്കാണുകയും ചെയ്യുമ്പോൾ അവിടന്ന് പുതപ്പൊന്നും കൂടാതെ പലപ്പോഴും കണ്ടിട്ടുണ്ടെന്ന് തന്നെയാണ് പ്രബലമായ കാര്യം. സയ്നബ് നബിയെ ഉള്ളിലേക്ക് ക്ഷണിച്ചതുതന്നെ പ്രകടിപ്പിക്കുന്നത് അവരുടെ ശരീരത്തിൽ നബി(സ)തിരുമേനിയുടെ മുമ്പിൽ വരുവാൻ ആവശ്യമുള്ളത്ര വസ്ത്രം ഉണ്ടായിരുന്നുവെന്നാണ്. അങ്ങനെ ഏതുവശത്തൂടെ നോക്കുകയാണെങ്കിലും ഈ കഥകളും കളവും വ്യാജവുമാണെന്നാണ് സ്ഥാപിതമാകുന്നത്. അതിൽ ഒരു യാഥാർഥ്യവുമില്ല. ഈ തെളിവുകളോടൊപ്പം നബി(സ)തിരുമേനിയുടെ ആതികവുറ്റ നിലയിലുള്ള പരിശുദ്ധിയും സ്വാത്മപരിത്യാഗപരമായ ജീവിതവും കൂടി പരിഗണിക്കുമ്പോൾ അവിടത്തെ എല്ലാ അനക്കമടക്കങ്ങളിൽനിന്നും അത് വ്യക്തവും സ്പഷ്ടവും ആകുമ്പോൾ ഈ അസംബന്ധവും നിരർഥവുമായ നിവേദനത്തിന്റെ ഒന്നുംതന്നെ അവശേഷിക്കുന്നില്ല. ഇക്കാരണത്താലാണ് ഗവേഷകർ ഈ കഥകളെ ഖണ്ഡിതമായ നിലയിൽ കളവും കൃത്രിമവുമാണെന്ന് പറഞ്ഞിട്ടുള്ളത്.

ഉദാഹരണത്തിന് അല്ലാമ ഇബ്നു ഹജർ ഫത്ഹുൽ ബാരിയിലും, അല്ലാമ ഇബ്നു കഥീർ തന്റെ തഫ്സീറിലും, അല്ലാമ സുർഖാനി ശറഹ് മവാഹിബിലും വിശദീകരണത്തോടുകൂടി ഈ നിവേദനം അടിമുടി കളവാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് അത് പറയുന്നത് തന്നെ സത്യസാക്ഷ്യത്തെ നിന്ദിക്കലാണെന്ന് മനസ്സിലാക്കിയിരിക്കിന്നു. ഇതേ അവസ്ഥ തന്നെയാണ് മറ്റുള്ള ഗവേഷകരുടേതും. ഗവേഷകരിൽ മതിയാക്കുന്നില്ല, പ്രത്യുത പക്ഷപാതിത്വം അന്ധരാക്കിയിട്ടില്ലാത്ത എല്ലാ ഓരോ വ്യക്തിയും ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതിയിട്ടുള്ളതും നമ്മൾ വിശുദ്ധ ഖുർആന്റേയും ഹദീഥുകളുടേയും അടിസ്ഥാനത്തിൽ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുള്ളതുമായ വിവരണത്തെ ചില കപടവിശ്വാസികൾ സ്വന്തം നിലയിൽ ഉണ്ടാക്കിയെടുത്തതും എല്ലാ നിവേദനങ്ങളും എന്തായാലും വേണ്ടില്ല എങ്ങനെയെങ്കിലും സമാഹരിച്ചാൽ മതിയെന്നു കരുതി ഒന്നും അന്വേഷിക്കാതെ തങ്ങളുടെ ചരിത്രത്തിൽ ഇടം നല്കിയതും പിന്നീട് ചില അമുസ്‌ലിം ചരിത്രകാരന്മാർ പക്ഷപാതപരമായി അന്ധരായിക്കൊണ്ട് തങ്ങളുടെ ഗ്രന്ഥങ്ങളെ അതുകൊണ്ട് മോടിപ്പിടിപ്പിക്കുകയും ചെയ്തതുമായ നിരർഥവും യോജിക്കാൻ പറ്റാത്തതുമായ ആ കഥകൾക്കുമേൽ മുൻഗണന നല്കുന്നതായിരിക്കും.'

ഈ വ്യാജമായ സംഭവത്തെ കുറിച്ച് മറ്റൊരു കാര്യവും മനസ്സിലാക്കേണ്ടതാണ്. അത് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്തമുന്നബിയ്യീനിൽ വിവരിച്ചിരിക്കുന്നു. അതായത് 'ആ ഇസ്‌ലാമിക കാലഘട്ടം കപടവിശ്വാസികൾക്ക് മദീനയിൽ വലിയ സ്വാധീനമുള്ള കാലഘട്ടമായിരുന്നു. അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സലൂലിന്റെ നേതൃത്വത്തിൽ പ്രത്യേകമായ നിലയിൽ ഇസ്‌ലാമിനേയും അതുപോലെ ഇസ്‌ലാമിന്റെ സ്ഥാപകനേയും അപമാനിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. കളവും സ്വയംകൃതവുമായ സംഭവങ്ങൾ കാണിച്ച് രഹസ്യമായി അതിനെ പ്രചരിപ്പിക്കുകയെന്നതായിരുന്നു അവരുടെ രീതി. യഥാർഥ കാര്യം വേറൊന്നായിരിക്കും. അവർ അതിനെ വളച്ചൊടിച്ച് മറ്റൊന്നായി അവതരിപ്പിക്കുമായിരുന്നു. വിശുദ്ധ ഖുർആനിലെ അഹ്സാബ് എന്ന അധ്യായത്തിൽ സയ്നബിന്റെ വിവാഹഹത്തെ കുറിച്ച് പറഞ്ഞിട്ടുള്ളിടത്ത് മദീനയിലെ കപടവിശ്വാസികളെ കുറിച്ചും പ്രത്യേകം പറയപ്പെട്ടിട്ടുണ്ട്. അവരുടെ ദ്രോഹപ്രവർത്തികളെ സൂചിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു: *ല ഇൻല്ലം യൻതഹിൽ മുനാഫിഖീന വല്ലദീന ഫീ ഖുലൂബിഹിം മ്മർളുൻ വ്വൽമുർജിഫൂന ഫിൽമദീനത്തി ലനുഗ്‌രിയന്നക്ക ബിഹിം ഥുമ്മ ലാ യുജാവിറൂനക്ക ഫീഹാ ഇല്ലാ ഖലീലൻ*(33:61) കപട വിശ്വാസികളും തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള്ളവരും പട്ടണത്തിൽ കിംവദന്തി പരത്തുന്നവരും വിരമിക്കുന്നില്ലെങ്കിൽ അവർക്കെതിരിൽ നാം നിന്നെ ഒരുക്കി നിറുത്തും. പിന്നെ അവിടെ നിന്റെ അയൽവാസികളായി കുറഞ്ഞ സമയമല്ലാതെ അവർ താമസിക്കുയില്ല." ഈ വചനത്തിൽ വ്യക്തമായ നിലയിൽ ഈ കഥ കളവാണെന്ന് അടിസ്ഥാനപരമായി സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. അതിനടുത്ത കാലത്തുതന്നെ ഹദ്റത്ത് ആഇശ(റ)ക്ക് എതിരിലും അതിഭയങ്കരമായ അപരാധം പറഞ്ഞു പരത്തിയിരുന്നു. അബ്ദുല്ലാഹ് ബിൻ ഉബയ്യും അയാളുടെ വഞ്ചകരായ കൂട്ടാളികളുംകൂടി ഈ കുറ്റാരോപണത്തെ എത്രമാത്രം ചർച്ച ചെയ്തുവെന്നാൽ മുസ്‌ലിമീംകളിൽ അതിന്റെ പ്രചാരണം അവരുടെ സമാധാനാവസ്ഥയെ കലുഷിതമാക്കി. അങ്ങനെ മുസ്‌ലിമീംകളും ആ അധാർമിക പ്രവൃത്തിയ്ക്ക് ഇരകളായി. ചുരുക്കത്തിൽ ആ കാലഘട്ടം കപടവിശ്വാസികൾക്ക് വലിയ ശക്തിയുള്ള കാലഘട്ടമായിരുന്നു. കളവും മാലിന്യം നിറഞ്ഞതുമായ വാർത്തകൾ പ്രചരിപ്പിച്ച് നബി(സ)തിരുമേനിയേയും അദ്ദേഹത്തിന്റെ അനുയായികളേയും അപമാനിക്കുക എന്നതായിരുന്നു അവർക്ക് ഏറ്റവും കൂടതൽ മനഃസംതൃപ്തി നല്കിയിരുന്നത്. അതായത് ഈ വാർത്തകൾ എത്രമാത്രം തന്ത്രത്തിലൂടെയാണ് പ്രചരിപ്പിച്ചതെന്നാൽ, ചില സന്ദർഭങ്ങളിൽ ആ മഹാത്മാവിന്റെ മുതിർന്ന സ്വഹാബാക്കൾക്കുപോലും വിശദമായ വിവരം ലഭിക്കാത്ത കാരണത്താൽ അതിനെ പ്രതിരോധിക്കാനുള്ള അവസരം ലഭിക്കുമായിരുന്നില്ല. ഉള്ളിന്റെ ഉള്ളിൽ അതിന്റെ വിഷാംശം പടർന്നുകൊണ്ടുപോയിരുന്നു. അത്തരം പരിതഃസ്ഥിതിയിൽ പിന്നീടു വന്നുചേർന്ന കൂടുതൽ അന്വേഷണത്തിന്റേയും സൂക്ഷ്മപരിശോധനയുടേയും ശീലമില്ലാത്ത ചില മുസ്‌ലിമീംകൾ അവ സത്യമാണെന്ന് കരുതി അത് നിവേദനം ചെയ്യാൻ തുടങ്ങി. ഇപ്രകാരം ഈ നിവേദനങ്ങൾ വാഖ്ദി തുടങ്ങിയ തരത്തിലുള്ള മുസ്‌ലിമീംകളുടെ സംഘത്തിൽ വന്ന് പ്രചരിച്ചു. എന്നാൽ, വിവരിച്ചതുപോലെ ശരിയായ ഹദീഥുകളിലൊന്നും അവയുടെ പേരോ അടയാളമോ ഇല്ല. ഗവേഷകന്മാർ അത് സ്വീകരിച്ചിട്ടുമില്ല.

ഹദ്റത്ത് സയ്നബ് ബിൻത് ജഹ്ശിന്റെ

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

കഥയിൽ നല്ലൊരു ചിന്ത പ്രതീക്ഷിക്കപ്പെട്ടിരുന്ന സർ വില്യം മ്യൂറും വാഖ്ദിയുടെ തെറ്റായതും കെട്ടിച്ചമച്ചതുമായ നിവേദനത്തെ സ്വീകരിച്ചതു കൂടാതെ ഈ അവസരത്തിൽ ഹൃദയത്തെ വ്രണപ്പെടുത്തുന്ന കുത്തിപ്പറയലും ചെയ്തിരിക്കുന്നു. അദ്ദേഹം ആക്ഷേപകനായിരുന്നു. അപ്പോൾപ്പിന്നെ അദ്ദേഹത്തിൽനിന്ന് ഈ പ്രതീക്ഷ തന്നെയാണ് വേണ്ടിയിരുന്നതും. പി ന്നീട് മുസ്‌ലിമീംകളുടെ ഉദ്ധരണി കിട്ടുമ്പോൾ അവർക്ക് കൂടുതൽ കുത്തപ്പറിയാനുള്ള അവസരം കിട്ടുന്നു. പ്രായം വർധിച്ചുകൊണ്ടിരിക്കുന്തോറും നബി(സ)തിരുമേനിയുടെ കാമവികാരങ്ങളുംനഊദുബില്ലാഹ്‌വർധിച്ചുകൊണ്ടുപോയത്രെ!! നബി(സ)തിരുമേനിയുടെ ഒന്നിലധികം വിവാഹത്തെ അദ്ദേഹം ഈ വികാരത്തിലധിഷ്ഠിതമായാണ് കാണുന്നത്. ഇത് കാമവാസന തന്നെയാണെന്ന് പറയുന്നു. നഊദുബില്ലാഹ്. ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) എഴുതി: 'ഞാനും ഒരു ചരിത്രകാരൻ എന്ന നിലയിൽ ഇക്കാര്യത്തെ മതപരമായ ചർച്ചകളിലൊന്നും വീഴാതെ വിവരിക്കുകയാണ്. എന്നാൽ, ചരിത്രപരമായ സംഭവങ്ങളെ ഒരു തെറ്റായ വഴിയിലിടുമ്പോൾ അതു കണ്ട് അസഹ്യവും അനീതിപരവുമായ മാർഗത്തിന്നെതിരെ ശബ്ദമുയർത്താതിരിക്കാൻപറ്റുകയില്ല.അതിനാൽ മതപരമായ വികാരങ്ങൾ കൂടാതെയും പിന്നെ നബി(സ)തിരുമേനിയുടെ പരിശുദ്ധി മുൻനിറുത്തിയും– ഓരോ മുസ്‌ലിമും മുഅ്മിനും അദ്ദേഹത്തിനുവേണ്ടി തന്റെ ജീവൻ ബലിയർപ്പിക്കാൻ തയ്യാറാണ്–ബുദ്ധിപരവും ചരിത്രപരവുമായ യാഥാർത്ഥ്യങ്ങളും ഈ വ്യർഥമായ കാര്യങ്ങളെ നിഷേധിക്കുന്നു.'

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എഴുതുന്നു: 'നബി(സ)തിരുമേനി ഒന്നിൽ കൂടുതൽ വിവാഹം കഴിച്ചിരുന്നു എന്നത് ഒരു ചരിത്ര സംഭവമാണെന്നതിൽ ഒരു സംശയവുമില്ല. ഹദ്റത്ത് ഖദീജയെ കൂടാതെ അദ്ദേഹത്തിന്റെ ബാക്കിയുള്ള എല്ലാ വിവാഹങ്ങളും നടന്നത് വാർദ്ധക്യകാലത്താണെന്ന കാര്യം സുസമ്മതമാണ്. തർക്കമില്ലാത്ത ഒരു ചരിത്രവശവുമാണ്. അതുകൊണ്ട് ആ എല്ലാ വിവാഹങ്ങളും (നഊദ്ബില്ലാഹ്) അദ്ദേഹത്തിന്റെ കാമാസക്തിയുടെ അടിസ്ഥാനത്തിലാണെന്ന് വിചാരിക്കുന്നതുതന്നെ ഒരു ചരിത്രകാരന്റെ സ്ഥാനത്തിന് മങ്ങലേൽപ്പിക്കുന്നതും ഒരു കുലീനനായ വ്യക്തിയുടെ സ്ഥാനത്തെ ഇകഴ്ത്തുന്നതുമാണ്. നബി(സ)തിരുമേനി 25–ാം വയസ്സിൽ തന്നെക്കാൾ മുതിർന്ന 40 വയസ്സ് പ്രായമുള്ള ഒരു വിധവയെയാണ് വിവാഹം ചെയ്തതെന്ന യാഥാർഥ്യം അറിയാത്ത ഒരാളല്ല ഈ മ്യൂർ സാഹിബ്. 25 വർഷക്കാലം ആ ബന്ധത്തെ നല്ല നിലയിലും ആത്മാർഥതയോടും കാത്തു സൂക്ഷിച്ചിരുന്നതിന് മറ്റൊരുദാഹരണം കാണുകയില്ലതന്നെ. അതിനുശേഷവും അവിടന്ന് 55 വയസുവരെ ഒരു ഭാര്യയോടൊപ്പം മാത്രമാണ് ജീവിച്ചത്. ഈ ഭാര്യ ഹദ്റത്ത് സൗദായും(റ) യാദൃച്ഛികമെന്നു പറയട്ടെ മധ്യപ്രായമുള്ള ഒരു വിധവയായിരുന്നു. ഈ മുഴുവൻ കാലവും ശാരീരികവികാരങ്ങളുടെ ക്ഷോഭത്തിന്റെ പ്രത്യേക കാലമാണ്. എന്നാൽ, അക്കാലത്തൊന്നും നബി(സ)തിരുമേനിക്ക് രണ്ടാമതു വിവാഹം കഴിക്കണമെന്ന ചിന്തയുണ്ടായില്ല. മ്യൂർ സാഹിബിന് ആ ചരിത്രസംഭവം അറിയാഞ്ഞിട്ടല്ല. മക്കക്കാർ നബി(സ)തിരുമേനിയുടെ തബ്‌ലീഗ് പ്രവർത്തനങ്ങളിൽ സഹികെട്ട് അദ്ദേഹത്തെ തങ്ങളുടെ ദേശീയ മതത്തെ നശിപ്പിക്കുന്നവനെന്നു കരുതി അദ്ദേഹത്തിന്റെ അടുക്കൽ ഉത്ബ ബിൻ റബീആയെ അയച്ച് തന്റെ പ്രവൃത്തി നിറുത്തിക്കൊള്ളണമെന്ന് ശക്തമായ നിലയിൽ നബി(സ)തിരുമേനിയോടു പറഞ്ഞു. പണവും ഭരണവും നല്കാമെന്ന് പറഞ്ഞ് പ്രലോഭിപ്പിക്കാൻ ശ്രമിച്ചു. അപ്പോൾ ഉത്ബ മുന്നോട്ടുവച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം തരുണീമണികളായ സ്ത്രീകളെ വിവാഹം ചെയ്തുതന്ന് സന്തോഷിപ്പിക്കാമെന്നും കൂടിയായിരുന്നു. ആ നേരത്ത് നബി(സ)തിരുമേനിയുടെ പ്രായവും പിന്നീട് ഉണ്ടായിരുന്നതിനെക്കാൾ ശാരീരിക ശക്തിയുള്ളതായിരുന്നു. എന്നാൽ, അവിടന്ന് മക്കയിലെ അധികാരികളുടെ പ്രതിനിധികൾക്ക് നല്കിയ ആ മറുപടിയും ചരിത്രത്തിന്റെ തുറന്ന താളുകളാണ്. അത് ആവർത്തിക്കേണ്ട ആവശ്യമില്ലെന്ന് ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) പറയുന്നു. ഈ ചരിത്ര സംഭവവും മ്യൂർ സാഹിബിന്റെ ദൃഷ്ടിയിൽനിന്ന് മറഞ്ഞതായിരുന്നില്ല. മക്കയിലെ ആളുകൾ നബി(സ)തിരുമേനിയുടെ ദൗത്യപ്രഖ്യാപനത്തിനു മുമ്പേയുള്ള 40 വയസ്സ് പ്രായംവരെ അദ്ദേഹത്തെ ഉന്നത ധാർമിക മൂല്യങ്ങൾക്ക് ഉടമയായും നല്ല മനുഷ്യനായും മനസ്സിലാക്കിയിരുന്നു. എന്നാൽ, ഈ എല്ലാ സാക്ഷ്യങ്ങളും നിലനിൽക്കെ, 55 വയസ്സിനുശേഷം ഒരു വശത്ത് അദ്ദേഹത്തിന്റെ ശാരീരിക ശക്തിയ്ക്ക് പ്രകൃതിയാൽ ക്ഷതം സംഭവിച്ച് കൊണ്ടിരിക്കുകയും മറുവശത്ത് ജോലിത്തിരക്കുള്ള ഒരു വ്യക്തിയെപോലും അമ്പരിപ്പിക്കുന്നവിധം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും വളരെയധികം വർധിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ട് അദ്ദേഹം അപ്പോഴും തന്റെ സുഖസൗകര്യങ്ങളിൽ മുഴുകിയിരുന്നുവെന്ന് പറയുന്ന മ്യൂർ സാഹിബിന്റെ അഭിപ്രായം ഒരിക്കലും അംഗീകരിക്കാനാകില്ല. തികച്ചും ഇത് അസൂയ നിറഞ്ഞ ഒരഭിപ്രായപ്രകടനമാണ്. പറയുന്നവർക്ക് എന്തുവേണമെങ്കിലും പറയാമല്ലോ. അവന്റെ നാവിനേയും തൂലികയേയും തടയാൻ മറ്റുള്ളവർക്ക് ശക്തി ഉണ്ടാകുകയില്ല. എന്നാൽ, ബുദ്ധിമതികൾ കുറഞ്ഞ പക്ഷം മറ്റുള്ളവരുടെ ശുദ്ധമായ ബുദ്ധി അംഗീകരിക്കാൻ തയ്യാറാകാത്ത കാര്യം പറയാതിരിക്കുകയാണ് വേണ്ടത്. മ്യൂർ സാഹിബും അദ്ദേഹത്തിന്റെ സമാനചിന്താഗതിക്കാരും തങ്ങളുടെ കണ്ണുകളിൽ ഒട്ടിച്ചിരിക്കുന്ന മതപരമായ ഏകപക്ഷീയതയുടെ ബാന്റേജ് നീക്കി നോക്കുകയാണെങ്കിൽ നബി(സ)തിരുമേനിയുടെ വാർധക്യവുമായി ബന്ധംവയ്ക്കുന്ന ഈ വിവാഹങ്ങൾ ശാരീരികമായ ഉദ്ദേശ്യപൂർത്തീകരണത്തിനുള്ള തെളിവല്ലെന്നും അതിന്റെ പിന്നിൽ മറ്റെന്തോ ഉദ്ദേശ്യങ്ങൾ മറഞ്ഞിരിപ്പുണ്ടെന്നും മനസ്സിലാകുന്നതാണ്. പ്രത്യേകിച്ചും അവിടന്ന് തന്റെ യുവത്വത്തിന്റെ ദിനങ്ങളിൽ എത്രമാത്രം ധാർമികത പ്രകടിപ്പിച്ചുവെന്നാൽ അതുകാരണം അന്യരും സ്വന്തക്കാരും അങ്ങയ്ക്ക് അമീൻ (വിശ്വസ്തൻ) എന്ന സ്ഥാനപേര് നല്കിയിരുന്നുവെന്നതും ഒരു ചരിത്ര സത്യമാണ്.'

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ(റ) എഴുതുന്നു: 'ഓരോ വായനക്കാരന്റേയും ചരിത്രം അറിയുന്നവന്റേയും വികാരങ്ങൾ, താൻ വായിക്കുന്ന കാര്യത്തിൽനിന്ന് തനിക്ക് ഒരു ആത്മീയമായ സംതൃപ്തി കിട്ടണം എന്നതായിരിക്കും. ഏതു പ്രായത്തിലാണോ നബി(സ)തിരുമേനിയുടെ ഈ വിവാഹങ്ങൾ നടന്നത്, അക്കാലം അവിടത്തെ നുബുവ്വത്തിന്റെ നിർബന്ധ കടമകളുടെ ഏറ്റവും വലിയ ഭാരം വഹിക്കുന്നതായിരുന്നു. ആ എണ്ണമറ്റതും ഭാരിച്ചതുമായ ഉത്തരവാദിത്വങ്ങളുടെ നിർവഹണത്തിൽ അവിടന്ന് തികച്ചും മുഴുകിയിരിക്കുകയായിരുന്നു. ഈ ദൃശ്യം എല്ലാ നീതിമാന്മാർക്കും മാന്യന്മാർക്കും അവിടത്തെ ഈ വിവാഹങ്ങൾ അവിടത്തെ ദൗത്യനിർവഹണത്തിന്റെ ഭാഗമായിരുന്നുവെന്നതിന് ഒരു തെളിവാണ്. അത് അദ്ദേഹം തന്റെ കുടുംബപരമായ സന്തോഷം നശിപ്പിച്ചുകൊണ്ട് തബ്‌ലീഗിന്റേയും തർബിയ്യത്തിന്റേയും ഉദ്ദേശ്യങ്ങൾക്ക് വിധേയനായി ചെയ്തതായിരുന്നു. ഒരു വൃത്തികെട്ട മനുഷ്യൻ മറ്റുള്ളവന്റെ കർമങ്ങളിലെ ദുരുദ്ദേശ്യം തിരയുന്നു. സ്വന്തം വൃത്തികെട്ട അവസ്ഥ കാരണത്താൽ ചിലപ്പോൾ മറ്റുള്ളവന്റെ സദുദ്ദേശ്യത്തെ മനസ്സിലാക്കാൻ സാധിക്കുകയില്ല. എന്നാൽ, മാന്യനായ ഒരു മനുഷ്യൻ അക്കാര്യം അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നു. ചില ഘട്ടങ്ങളിൽ ഒരേയൊരു കർമമായിരിക്കും. അത് ഒരു വൃത്തികെട്ട മനുഷ്യൻ ദുരുദ്ദേശ്യത്തോടെ ചെയ്യുന്നു. എന്നാൽ, അത് നല്ലൊരു മനുഷ്യന് നന്മയോടും പരിശുദ്ധമായ ഉദ്ദേശ്യത്തോടും കൂടി ചെയ്യാൻ കഴിയുന്നതാണ്, ചെയ്യുകയും ചെയ്യുന്നു.

ഇസ്‌ലാമിൽ വിവാഹത്തിന്റെ ഉദ്ദേശ്യം പുരുഷനും സ്ത്രീയും തങ്ങളുടെ കാമവികാര പൂർത്തീകരണത്തിനുവേണ്ടി ഒരിടത്ത് ഒരുമിച്ചുകൂടുക എന്നതല്ലെന്ന കാര്യവും മനസ്സിലാക്കിയിരിക്കേണ്ടതാണ്. പ്രത്യുത മനുഷ്യപരമ്പരയുടെ നിലനില്പിന് പുരുഷനും സ്ത്രീയും ഒത്തുചേരേണ്ടത് നിക്കാഹിന്റെ ഒരു അനുവദനീയമായ ഉദ്ദേശ്യമാണ്. എന്നാൽ, അതിൽ ധാരാളം മറ്റു പരിശുദ്ധമായ ഉദ്ദേശ്യങ്ങളും ലക്ഷ്യമായുണ്ട്. അതിനാൽ ഒരു മനുഷ്യന്റെ വിവാഹങ്ങളുടെ കാരണം അന്വേഷിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ ജീവിതത്തിന്റെ എല്ലാ അനക്കമടക്കവും അദ്ദേഹത്തിന്റെ നിസ്വാർഥതയുടേയും പരിശുദ്ധയുടേയുംമേൽ തെളിവാകുമ്പോൾ വൃത്തികെട്ട മനുഷ്യരെപോലെ വൃത്തികെട്ട ചിന്താഗതിയിലേക്ക് ചായുക എന്നത് ആ വ്യക്തിക്ക് ഒരിക്കലും ഒരു നഷ്ടവും ഉണ്ടാക്കുകയില്ല. ആരെ കുറിച്ചാണോ ഈ അഭിപ്രായം പറയുന്നത്, അഭിപ്രായം പറയുന്നവന്റേയും കൊടുക്കുന്നവന്റേയും ഉള്ളിലെ കണ്ണാടി തീർച്ചയായും മനസ്സിലാക്കാൻ കഴിയുന്നതാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) എഴുതുന്നു, അതിനാൽ ഈ ആക്ഷേപത്തിനുള്ള മറുപടിയിൽ ഇതിനെക്കാൾ കൂടുതൽ ഞാനൊന്നും പറയുന്നില്ല, *വല്ലാഹുൽമുസ്തആനു മാ തസിഫൂൻ* നിങ്ങൾ വിവരിക്കുന്നതിനെതിരെ സഹായം തേടപ്പെടേണ്ടവൻ അല്ലാഹുവത്രെ."(12:19) (സീറത്തു ഖാത്തമുന്നബിയ്യീൻ സാഹിബ് സാദ ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ. പേജ് 549–555)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയും ഈ വിവാഹവും നിക്കാഹും ഉദ്ധരിച്ച് ഒരു പോയന്റ് തന്റെ ഒരു നിക്കാഹ് ഖുത്ബയിൽ വിവരിച്ചിരുന്നു. അതും ഞാൻ വായിച്ചുതരാം. അവിടന്ന് പറയുന്നു: നബി(സ)തിരുമേനി തന്റെ പിതൃസഹോദരിപുത്രിയുടെ നിക്കാഹ് സയ്ദുമായി നടത്തി. നബി(സ) ഇസ്തിഖാറ ചെയ്തിരുന്നില്ലെന്നോ, ദുആകൾ ചെയ്തിരുന്നില്ലെന്നോ അല്ലാഹുവിൽ തവക്കുൽ ചെയ്തിരുന്നില്ലെന്നോ എന്നൊന്നും നമുക്ക് പറയാൻ സാധിക്കുകയില്ല. ഇതെല്ലാം നബി(സ)തിരുമേനി ചെയ്തിട്ടുണ്ടാകും. ഇസ്തിഖാറയും ചെയ്തിട്ടുണ്ടായിരിക്കും. ദുആകളും ചെയ്തിട്ടുണ്ടായിരിക്കും. എന്നാൽ, ഇങ്ങനെയൊക്കെയായിട്ടും അല്ലാഹു അവിടത്തെ ശ്രമത്തിന് ഫലം നല്കിയില്ല.' അവിടന്ന് എഴുതുന്നു, ഈ പോയന്റ് വിവരിക്കുകയാണ്: 'ഇക്കാര്യത്തിന്റെ യഥാർഥ കാരണം, നബി(സ) തിരുമേനിയ്ക്ക് ആൺമക്കൾ ഇല്ല എന്നത് അല്ലാഹു ജനങ്ങളിൽ പ്രകടിപ്പിക്കാൻ ആഗ്രഹിച്ചിരുന്നു; പ്രകൃതിനിയമപരമായ സന്താനങ്ങളാവട്ടെ, രാജ്യത്തിന്റെ നിയമമനുസരിച്ചുള്ള സന്താനങ്ങളാവട്ടെ. (ദത്തെടുക്കുന്ന കുട്ടികൾ

രാജ്യത്തിന്റെ നിയമമനുസരിച്ച് മക്കളായിരിക്കുമെന്ന സങ്കല്പമുണ്ടായിരുന്നു). പ്രകൃതി നിയമമനുസരിച്ച് അദ്ദേഹത്തിന് ആൺമക്കളൊന്നുമുണ്ടായിരുന്നില്ല. എന്നാൽ, രാജ്യത്തിന്റെ സമ്പ്രദായവും അക്കാലത്തെ ശരീഅത്തിന്റെ നിയമവുമനുസരിച്ച് അദ്ദേഹത്തിന് മക്കളുണ്ടായിരുന്നു; സയ്ദിനെപ്പോലെ. ആളുകൾ അദ്ദേഹത്തെ ഇബ്നു മുഹമ്മദ് എന്നു വിളിക്കാറുണ്ടായിരുന്നു. ഹദ്റത്ത് സയ്നബിന്റെ നിക്കാഹ് സംഭവത്തോടെ പ്രകൃതിനിയമമനുസരിച്ച് ഉണ്ടാകുന്നവരാണ് യഥാർഥ മക്കളെന്ന് പറയാൻ അല്ലാഹു ആഗ്രഹിച്ചു; ഭാര്യഭർതൃ ശരീര ബന്ധത്തിലുണ്ടാകുന്നു സന്താനങ്ങൾ! രാജ്യ നിയമപ്രകാരമുണ്ടാകുന്ന സന്താനങ്ങൾ യഥാർഥ സന്താനങ്ങളല്ല. (ദത്തെടുക്കപ്പെടുന്ന മക്കൾ യഥാർഥ മക്കളല്ല). ശരീഅത്ത് യഥാർഥ സന്താനങ്ങൾക്കുവേണ്ടിവച്ചിട്ടുള്ള നിയമങ്ങൾ മറ്റുള്ള സന്താനങ്ങൾക്ക് ബാധകമല്ല. ഇക്കാര്യം സ്ഥാപിക്കുന്നതിന് ഒരേയൊരു വഴിയെയുള്ളു, ഹദ്റത്ത് സയ്ദ് ത്വലാഖ് ചൊല്ലിയ സ്ത്രീയെ നബി(സ)തിരുമേനി നിക്കാഹ് ചെയ്യുക. അല്ലാഹു ഹദ്റത്ത് സയ്ദിന്റേയും അദ്ദേഹത്തിന്റെ ഭാര്യയുടേയും ഇടയിലുള്ള ഭിന്നിപ്പ് പരിഹരിക്കാൻ വിട്ടില്ല. അല്ലാഹു വിചാരിച്ചിരുന്നെങ്കിൽ പരിഹരിക്കാൻ കഴിയുമായിരുന്നു. പക്ഷേ, പരിഹരിക്കാൻ വിട്ടില്ല; നബി(സ)തിരുമേനി ഇസ്തിഖാറ ചെയ്തിരുന്നിട്ടും. ദുആകളും ചെയ്തിരുന്നു. അല്ലാഹുവിൽ തവക്കുലും ചെയ്തിരുന്നു. പരിശ്രമിച്ചിരുന്നു. എന്നാൽ, ദൈവികമായ യുക്തി സയ്ദ് തന്റെ ഭാര്യക്ക് ത്വലാഖ് കൊടുക്കുകയും അവർ നബി(സ)തിരുമേനിയുടെ ഭാര്യയാകുകയും ചെയ്യുക എന്നതായിരുന്നു. അങ്ങനെ രാജ്യത്തിന്റെ നിയമപ്രകാരമുള്ള സന്താനങ്ങൾ പ്രകൃതി നിയമപ്രകാരമുണ്ടാകുന്ന സന്താനങ്ങളെപ്പോലെ ഉള്ളവരല്ലെന്ന് സ്ഥാപിക്കുകയായിരുന്നു. ഈ വിവാഹത്തിന്റെ യുക്തിയുടെ പിന്നിലുണ്ടായിരുന്ന പോയന്റാണ് അവിടന്ന് വിവരിച്ചത്. (ഖുത്ബാത്തെ മഹ്മൂദ്, വാള്യം 3, പേജ് 390–391)

മോചിപ്പിച്ച അടിമകളുമായുള്ള നബി(സ)തിരുമേനിയുടെ പെരുമാറ്റത്തെ കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: 'ജനങ്ങളുടെ പഴയകാല ചിന്താഗതികൾ മാറ്റുന്നതിനു വേണ്ടി അവിടന്ന് അടിമകളിൽനിന്നും മോചിപ്പിച്ച അടിമകളിൽനിന്നും കഴിവുള്ള ആളുകളെ മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അങ്ങനെ നബി(സ)തിരുമേനി ഒരുപാട് അവസരങ്ങളിൽ താൻ മോചിപ്പിച്ച അടിമയായ സയ്ദ് ബിൻ ഹാരിഥയേയും അദ്ദേഹത്തിന്റെ മകൻ ഉസാമ ബിൻ സയ്ദിനേയും യുദ്ധ നടപടികളിൽ അമീർമാരായി നിശ്ചയിച്ചിരുന്നു. വലിയ വലിയ ആദരണീയരും കഴിവുള്ളവരുമായ ജലീലുൽഖദ്ർ സ്വഹാബിമാരെ അവരുടെ കീഴിൽവച്ചു. അറിവില്ലാത്ത ആളുകൾ തങ്ങളുടെ പഴയകാല ചിന്താഗതിവച്ചുകൊണ്ട് അവിടത്തെ ഈ നടപടിയിൽ ആക്ഷേപം ഉന്നയിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: 'ഉസാമയെ അമീറാക്കിയതിൽ നിങ്ങൾ ആക്ഷേപം ഉന്നയിച്ചു. അതിനുമുമ്പേ നിങ്ങൾ അവന്റെ പിതാവിനെ അമീറാക്കിയപ്പോഴും കുത്തുവാക്ക് പറഞ്ഞിരുന്നു. എന്നാൽ, അല്ലാഹുവാണ! എപ്രകാരം സയ്ദ് ഇമാറത്തിന് അർഹതപ്പെട്ടവനും യോഗ്യനുമായിരുന്നുവോ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവരിലായിരുന്നുവോ അതേപ്രകാരം ഉസാമയും ഇമാറത്തിന് അർഹതപ്പെട്ടയാളും എനിക്ക് ഏറ്റവും പ്രിയപ്പെട്ടവരിൽപ്പെട്ടവനുമാണ്.'

നബി(സ)തിരുമേനിയുടെ സമഭാവനയുടെ നിർദേശത്തിനുമുമ്പിൽ സ്വഹാബത്തിന്റെ കഴുത്തുകൾ കുനിഞ്ഞു. ഇസ്‌ലാമിൽ ആരെങ്കിലും അടിമയാകുന്നതോ അല്ലെങ്കിൽ അടിമയുടെ മകനാകുന്നതോ അല്ലെങ്കിൽ ഏതെങ്കിലും താഴെ നിലയിലുള്ളവരുമായി ബന്ധംവെക്കുന്നതോ അവന്റെ അഭിവൃദ്ധിയുടെ വഴിയിൽ കുഴപ്പമാകുകയില്ലെന്ന് അവർ മനസ്സിലാക്കി.(തടസമാകുകയില്ല). യഥാർഥ നിലവാരം ഏതവസ്ഥയിലും തഖ്‌വായും വ്യക്തിപരമായ കഴിവുകളുമാണ്.' (സീറത്തു ഖാത്തമുന്നബിയ്യീൻ സാഹിബ്സാദ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 683)

"പിന്നെ ഇതിനെക്കാളുപരി എന്തുണ്ടാകാനാണ്. അവിടന്ന് തന്റെ നേരെ പിതൃസഹോദരിയുടെ മകൾ സയ്നബ് ബിൻത് ജഹ്ശിനെ, സയ്ദ് ബിൻ ഹാരിഥായ്ക്ക് വിവാഹം കഴിച്ചു കൊടുത്തു. അത്ഭുതകരമായ കാര്യം, മുഴുവൻ വിശുദ്ധ ഖുർആനിലും ഏതെങ്കിലും സ്വഹാബിയുടെ പേരു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് സയ്ദ് ബിൻ ഹാരിഥയുടേത് മാത്രമാണ്."(സീറത്തു ഖാത്തമുന്നബിയ്യീൻ സാഹിബ് സാദ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 398–399)

അടിമകളുടെ ഇസ്‌ലാമിക മാർഗത്തിലുള്ള സ്വാതന്ത്ര്യത്തെ കുറിച്ച് അവിടന്ന് വീണ്ടും എഴുതുന്നു: ഇസ്‌ലാമിക മാർഗത്തിൽ സ്വതന്ത്രരായ അടിമകളിൽ ഒരു വലിയ വിഭാഗം എല്ലാ രംഗങ്ങളിലും അഭിവൃദ്ധിയുടെ ഉന്നതമായ പടവുകൾ താണ്ടിയിരുന്നവരായി കാണുന്നു. അവർ വിവിധ വകുപ്പുകളിൽ മുസ്‌ലിമീംകളിൽ നേതാവിന്റെ സ്ഥാനം കരസ്ഥമാക്കി......സ്വഹാബാക്കളിൽ സയ്ദ് ബിൻ ഹാരിഥ ഒരു സ്വതന്ത്രനാക്കപ്പെട്ട അടിമയായിരുന്നു. അദ്ദേഹം എത്രമാത്രം കഴിവുണ്ടാക്കിയിരുന്നുവെന്നാൽ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ കഴിവു കാരണത്താൽ ഒരുപാട് ഇസ്‌ലാമിക നടപടികളിൽ അദ്ദേഹത്തെ സൈന്യത്തിന്റെ അമീറായി നിശ്ചയിച്ചിരുന്നു.(അതായത് മുഴുവൻ സൈന്യത്തിന്റേയും അമീർ). വിജയശാലിയായ ജർണൽ ഖലീദ് ബിൻ വലീദിനെപ്പോലുള്ള വലിയ വലിയ പ്രഗത്ഭരായ സ്വഹാബിമാർ അദ്ദേഹത്തിന്റെ കീഴിൽ ഇരുന്നിട്ടുണ്ട്.'(സീറത്തു ഖാത്തമുന്നബിയ്യീൻ സാഹിബ്സാദ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 403)

ഹദ്റത്ത് സയ്ദ് ബദ്ർ, ഉഹുദ്, ഖൻദഖ്, ഹുദയ്ബിയ, ഖയ്ബർ എന്നീ യുദ്ധങ്ങളിൽ നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. അദ്ദേഹം നബി(സ)തിരുമേനിയുടെ പ്രഗത്ഭരായ വില്ലാളിവീരന്മാരിൽ ഉൾപ്പെടുന്നു. നബി(സ)തിരുമേനി മുറയ്സീഅ് യുദ്ധത്തിന്(ഇത് ബനൂ മുസ്തലിഖ് യുദ്ധത്തിന്റെ മറ്റൊരു പേരാണ്) പുറപ്പെട്ടപ്പോൾ, –അത് സീറത്തുൽഹൽബിയായിൽ പറഞ്ഞതുപ്രകാരം ഹിജ്റ അഞ്ച് ശഅ്ബാൻ മാസത്തിലാണ് നടന്നത്– ഹദ്റത്ത് സയ്ദിനെ മദീനയിലെ അമീറായി നിയമിച്ചു. ഹദ്റത്ത് സൽമ ബിൻ അക്‌വഅ് വിവരിക്കുന്നു:'ഞാൻ നബി(സ)തിരുമേനിയോടൊപ്പം ഏഴു യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥായെ അമീറായി നിശ്ചയിച്ച 9 സറായാ(സൈന്യങ്ങളിൽ നബി(സ) തിരുമേനി ഇല്ലാതിരുന്ന യുദ്ധങ്ങൾ)കളിലും പങ്കെടുത്തിരുന്നു. ഹദ്റത്ത് ആഇശ(റ) നിവേദനം: നബി(സ)തിരുമേനി സയ്ദ് ബിൻ ഹാരിഥയെ സൈന്യത്തോടൊപ്പം എപ്പോഴെല്ലാം അയച്ചിട്ടുണ്ടോ അപ്പോഴെല്ലാം ആ സൈന്യത്തിന്റെ അമീറായി നിശ്ചയിച്ചിട്ടുണ്ട്. ഹദ്റത്ത് ആഇശ(റ) പറയുന്നു, ഹദ്റത്ത് സയ്ദ് പിന്നീട് ജീവിച്ചിരുന്നുവെങ്കിൽ അവിടന്ന് അദ്ദേഹത്തെ തന്നെ അമീറാക്കുമായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 33, സയ്ദ് ഇൽഹുബ്ബു ബിൻ ഹാരിഥ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (അസ്സീറത്തുൽ ഹൽബിയ്യ വാള്യം 2 പേജ് 377–378, ബാബു ബനീ മുസ്ത്വലിഖ് യുദ്ധം, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: 'സ്വഫ്‌വാൻ യുദ്ധം അതിനെ ഒന്നാം ബദ്ർ യുദ്ധം എന്ന് പറയുന്നുണ്ട്, അത് ഹിജ്റ 2 ജമാദുൽ ആഖിറിലാണുണ്ടായത്. ഇതുസംബന്ധമായി വിവരിച്ചുകൊണ്ടു പറയുന്നു, ഉശയ്റ യുദ്ധത്തിന് ശേഷം നബി(സ)തിരുമേനി മദീനയിൽ വന്നിട്ട് 10 ദിവസം പോലും കഴിഞ്ഞിരുന്നില്ല, മക്കയിലെ ഒരു നേതാവ്, കുർസ് ബിൻ ജാബിർ ഖുഹ്‌രി ഖുറയ്ശികളുടെ ഒരു സംഘവുമായി വന്ന് വലിയ തന്ത്രം പ്രയോഗിച്ച് മദീനയുടെ ഒരു മേച്ചിൽ സ്ഥലം (അത് പട്ടണത്തിൽ നിന്ന് മൂന്ന് മൈൽ ദൂരത്ത് സ്ഥിതിചെയ്തിരുന്നു) പെട്ടെന്ന് ആക്രമിക്കുകയും മുസ്‌ലിമീംകളുടെ ഒട്ടകങ്ങൾ കൊള്ളയടിക്കുകയും ചെയ്തു. നബി(സ)തിരുമേനി ഈ വിവരം അറിഞ്ഞയുടൻ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ തനിക്ക് പിന്നിൽ അമീറായി നിശ്ചയിച്ച് ഒരു സംഘം മുഹാജിറുകളുമായി അവരെ പിടികൂടാൻ പുറപ്പെട്ടു. ബദ്റിന്റെ സമീപത്തുള്ള സ്വഫ്‌വാൻ എന്ന സ്ഥലം വരെ അവരെ പിന്തുടർന്നു. എന്നാൽ, അവർ രക്ഷപ്പെട്ട് കളഞ്ഞു. ഈ യുദ്ധത്തിന് ഒന്നാം ബദ്ർ യുദ്ധം എന്നും പറയുന്നു.'(സീറത്തു ഖാത്തമുന്നബിയ്യീൻ സാഹിബ്സാദ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 330)

ഇതു മുമ്പേ വിശദീകരിച്ചതാണ്. ഉശയ്റ യുദ്ധത്തെ കുറിച്ച് ചുരുക്കിപ്പറയാം. നബി(സ)തിരുമേനിക്ക് ഖുറയ്ശികളുടെ നികൃഷ്ടമായ തീരുമാനത്തെ കുറിച്ച് വിവരം ലഭിച്ചപ്പോൾ അതു കേട്ട് അവിടന്ന് മദീനായിൽനിന്ന് പുറപ്പെട്ടു. കടൽത്തീരത്തെ ഉശയ്റ എന്ന സ്ഥലത്തെത്തി. ഖുറയ്ശികളുമായി അവിടെ പോരാട്ടമൊന്നും ഉണ്ടായില്ലെങ്കിലും ബനുമദ്‌ലജ് ഗോത്രവുമായി ചില നിബന്ധനകളനുസരിച്ച് പരസ്പരം സമാ

## ഹദീഥുന്നബ്‌വി (സ):

*ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)*

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

ധാന ഉടമ്പടി നടന്നു. അതിനുശേഷം അവിടന്ന് മദീനയിൽ തിരിച്ചെത്തി. കടൽത്തീരത്തുള്ള ഒരു സ്ഥലമാണ് ഉശയ്റ. അവിശ്വാസികൾ അവിടെ സംഘടിക്കുന്നുവെന്നും ഒരുപക്ഷേ, സൈന്യമായിരിക്കും സംഘടിക്കുന്നത് എന്നുമുള്ള വിവരം അറിഞ്ഞ് അവിടന്ന് അവിടെ പോയി. പുറത്തുപോയി അവരെ നേരിടാം എന്നുദ്ദേശ്യത്തോടുകൂടിയാണ് അവിടന്ന് പോയത്. എന്തായാലും യുദ്ധമൊന്നും ഉണ്ടായില്ല. പക്ഷേ, ഈ യാത്രയിൽ ഒരു ഗോത്രവുമായി സമാധാന ഉടമ്പടി ചെയ്യാൻ കഴിഞ്ഞുവെന്നുള്ളതായിരുന്നു നേട്ടം.'(സീറത്തു ഖാത്തമുന്നബിയ്യീൻ സാഹിബ് സാദ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 327)

ബദ്ർ യുദ്ധം അവസാനിച്ചു ബദ്റിൽ നിന്ന് തിരിച്ച് വരുന്ന നേരത്ത് നബി(സ)തിരുമേനി സയ്ദ് ബിൻ ഹാരിഥയെ മദീനയിലേക്ക് അയച്ചു; അദ്ദേഹം ആദ്യം ചെന്ന് മദീനാവാസികൾക്ക് വിജയത്തിന്റെ സന്തോഷവാർത്ത അറിയിക്കുന്നതിനുവേണ്ടി. അങ്ങനെ അദ്ദേഹം നബി(സ) തിരുമേനിയ്ക്ക് മുമ്പേ അവിടെയെത്തി മദീനക്കാർക്ക് വിജയത്തിന്റെ വാർത്ത എത്തിച്ചതിനാൽ മദീനയിലെ സ്വഹാബാക്കൾക്ക് ഒരു വശത്ത് ഇസ്‌ലാമിന് ലഭിച്ച ഈ അതിമഹത്തായ വിജയത്തിൽ അങ്ങേയറ്റം സന്തോഷം ഉണ്ടായെങ്കിലും മറ്റൊരു അർഥത്തിൽ ഈ അതിമഹത്തായ ജിഹാദിന്റെ പ്രതിഫലത്തിൽ നിന്ന് തങ്ങൾ സ്വയം മാറി നിന്നതിൽ അവർക്ക് വളരെയധികം ദുഃഖവുമുണ്ടായി. അതോടൊപ്പം സയ്ദ് ബിൻ ഹാരിഥയുടെ വരവിന് കുറച്ച് മുമ്പേ നബി(സ)തിരുമേനിയുടെ മകൾ റുഖ്‌യായുടെ വേർപാടിൽ മദീനയിലെ മുസ്‌ലിമീംകൾക്കു പൊതുവേയും ഹദ്റത്ത് ഉഥ്മാന് പ്രത്യേകിച്ചും ഉണ്ടായ ദുഃഖത്തിനും ആശ്വാസമുണ്ടായി. റുഖ്‌യ്യ ബിൻത് റസൂലുല്ലാഹ്(സ), അവിടന്ന് യുദ്ധത്തിന് പോകുന്നതിനുമുമ്പേ രോഗബാധിതയായിരുന്നു. അക്കാരണത്താലാണ് ഹദ്റത്ത് ഉഥ്മാന് യുദ്ധത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നത്.(സീറത്തു ഖാത്തമുന്നബിയ്യീൻ സാഹിബ് സാദ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 367)

ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ മറ്റൊരു യുദ്ധ നടപടിക്ക് ഹിജറ 3 ജമാദുൽ ആഖിർ മാസത്തിൽ ഖർദ എന്ന സ്ഥലത്തേക്ക് അയച്ചിരുന്നു. അത് വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: 'ബനൂ സുലയിം, ബനൂഗത്വഫാൻ എന്നിവരുടെ ആക്രമണത്തിൽനിന്ന് അല്പം സാവകാശം കിട്ടിയപ്പോൾ മുസ്‌ലിമീംകൾക്ക് മറ്റൊരു അപകടത്തെ ദൂരീകരിക്കുന്നതിന് സ്വദേശത്തുനിന്ന് പുറപ്പെടേണ്ടതായി വന്നു. അതുവരെ ഖുറയ്ശികൾ തങ്ങളുടെ വടക്കൻ വാണിജ്യത്തിനുവേണ്ടി പൊതുവെ ഹിജാസിന്റെ കടൽത്തീരത്തൂടെയാണ് ശാമിലേക്ക് പോയിരുന്നത്. പക്ഷേ, ഇപ്പോൾ അവർ ആ വഴി ഉപേക്ഷിച്ചു. കാരണം ആ പ്രദേശത്തെ ഗോത്രക്കാർ മുസ്‌ലിമീംകളുടെ സഖ്യകക്ഷികളായി കഴിഞ്ഞിരുന്നു. അതുമുഖേന ഖുറയ്ശികൾക്ക് മുസ്‌ലിമീംകളെ ശല്യം ചെയ്യാനുള്ള അവസരം കുറഞ്ഞു. എന്നല്ല അത്തരം പരിതഃസ്ഥിതിയിൽ ആ കടൽത്തീരയാത്ര അപകടകരമാണെന്ന് അവർ കരുതുകയും ചെയ്തു. അതുകൊണ്ട് അവർ ആ വഴി ഉപേക്ഷിച്ച് നജ്ദിലൂടെയുള്ള വഴി സ്വീകരിച്ചു. അത് ഇറാഖിലേക്ക് പോകുന്ന വഴിയായിരുന്നു. അതിനടുത്ത് ഖുറയ്ശികളുടെ സഖ്യകക്ഷികളും മുസ്‌ലിമീംകളുടെ വർഗശത്രുക്കളും താമസിച്ചിരുന്നു. അവർ സുലയിം ഗോത്രക്കാരും ഗത്വഫാൻ ഗോത്രക്കാരുമായിരുന്നു. അങ്ങനെ ജമാദുൽ ആഖിർ മാസത്തിൽ നബി(സ)തിരുമേനിക്ക് ഖുറയ്ശികളുടെ ഒരു കച്ചവട സംഘം നജദ് വഴി പോകുന്നതായി വിവരം ലഭിച്ചു. ഖുറയ്ശീ കച്ചവടസംഘങ്ങളുടെ കടൽത്തീരത്തുകൂടിയുള്ള കടന്നുപോക്ക് മുസ്‌ലിമീംകൾക്ക് അപകടകരമാണെന്നത് പ്രകടമാണ്. അപ്പോൾ നജ്ദിലേക്കുള്ള വഴിയിലൂടെ അവരുടെ പോക്ക് അല്ലെങ്കിൽത്തന്നെ മുസ്‌ലിമീംകൾക്ക് അതിനെക്കാൾ കൂടുതൽ ഭീഷണി ഉയർത്തിയിരുന്നു. കാരണം ആ വഴിയിൽ ഖുറയ്ശികളുടെ സഖ്യകക്ഷികളാണ് താമസിച്ചിരുന്നത്. അവരും ഖുറയ്ശികളെ പോലെതന്നെ മുസ്‌ലിമീംകളുടെ രക്തത്തിനായി ദാഹിച്ചിരുന്നു. ഇവരോടൊപ്പം ചേർന്ന് ഖുറയ്ശികൾക്ക് രഹസ്യമായി മദീനയെ പെട്ടെന്ന് ആക്രമിക്കാൻ സാധിക്കുമായിരുന്നു. അല്ലെങ്കിൽ ദ്രോഹിക്കാൻ കഴിയുമായിരുന്നു. അതിനാൽ ഖുയ്ശികൾക്ക് ബലക്ഷയം വരുത്തുന്നതിനും അവരെ രഞ്ജിപ്പിലേക്ക് തിരിക്കുന്നതിനുമായി അവരുടെ കച്ചവടസംഘത്തെ വഴിമധ്യേ തടയേണ്ടത് അത്യാവശ്യമായിരുന്നു. അതിനാൽ നബി(സ)തിരുമേനി ഈ വിവരം ലഭിച്ചയുടൻ താൻ മോചിപ്പിച്ച അടിമ സയ്ദ് ബിൻ ഹാരിഥയുടെ നേതൃത്വത്തിൽ സ്വഹാബത്തിന്റെ ഒരു സംഘത്തെ യാത്രയാക്കി.

ഖുറയ്ശികളുടെ ഈ കച്ചവടസംഘത്തിൽ അബൂസുഫ്‌യാൻ ബിൻ ഹർബ്, സ്വഫ്‌വാൻ ബിൻ ഉമയ്യാ തുടങ്ങിയ നേതാക്കളുമുണ്ടായിരുന്നു. സയ്ദ് അങ്ങേയറ്റം ധീരതയോടും ചുറുചുറുക്കോടും കൂടി തന്റെ കടമ നിർവഹിച്ചു. നജദിലെ, ഖർദ എന്ന സ്ഥലത്ത് വെച്ച് ഇസ്‌ലാമിന്റെ ഈ ശത്രുക്കളെ അവർ പിടികൂടി. അപ്രതീക്ഷിതമായ ആക്രമണത്താൽ ചകിതരായിക്കൊണ്ട് ഖുറയ്ശികളുടെ ആ സംഘം, അവരുടെ പക്കലുണ്ടായിരുന്ന ധനവും സമ്പത്തുമെല്ലാം ഉപേക്ഷിച്ച് ഓടി രക്ഷപ്പെട്ടു. സയ്ദ് ബിൻ ഹാരിഥയും കൂട്ടാളികളും ഒരു വലിയ യുദ്ധമുതലുമായി മദീനയിലേക്ക് വിജയശ്രീലാളിതരായി തിരിച്ചെത്തി.

ഖുറയ്ശികളുടെ ആ കച്ചവട സംഘത്തിന്റെ വഴികാട്ടി ഫറാത്ത് എന്നുപേരുള്ള ഒരാളായിരുന്നുവെന്ന് ചില ചരിത്രകാരന്മാർ എഴുതിയിരിക്കുന്നു. അയാൾ മുസ്‌ലിമീംകളുടെ കൈയിൽ തടവുകാരനായി. മുസ്‌ലിമായതുകൊണ്ട് മോചിപ്പിക്കുകയും ചെയ്തു. പക്ഷേ, മറ്റു നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നത് അയാൾ മുസ്‌ലി മീംകൾക്കെതിരിൽ അന്യാരാധകരുടെ ചാരനായിരുന്നുവെന്നാണ്. എന്നാൽ, പിന്നീട് മുസ്‌ലി മായി മദീനയിൽ ഹിജ്റത്തു ചെയ്തു വന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ സാഹിബ് സാദ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 465-466)

ഹദ്റത്ത് ആഇശ(റ) പറയുന്നു: ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ ഒരു യുദ്ധ നടപടിയിൽ നിന്ന് മദീനയിലേക്ക് മടങ്ങി. അപ്പോൾ നബി(സ) തിരുമേനി എന്റെ വീട്ടിലായിരുന്നു. ഹദ്റത്ത് സയ്ദ് വന്നു. വാതിലിൽ മുട്ടി വിളിച്ചു. നബി(സ) തിരുമേനി അദ്ദേഹത്തെ വരവേറ്റു. അദ്ദേഹത്തെ ആശ്ലേഷിച്ചു. മുത്തുകയും ചെയ്തു. (സുനനുത്തുർമുദി, ഹദീഥ് 2732)

ഹിജറ ശഅ്ബാൻ 5ന് നബി(സ)തിരുമേനി ബനൂമുസ്ത്വലിലേക്ക് പോകാൻ ആഹ്വാനം ചെയ്തപ്പോൾ ചില നിവേദനങ്ങളനുസരിച്ച് നബി(സ)തിരുമേനി ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥായെയാണ് മദീനയിലെ അമീറായി നിശ്ചയിച്ചത്. (സീറത്തു ഖാത്തമുന്നബിയ്യീൻ സാഹിബ്സാദ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 558)

ഖൻദഖ് യുദ്ധ ദിവസം മുഹാജിരീംകളുടെ പതാകയും ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥായുടെ കൈയിലായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 2, പേജ് 51, ബാബു ഖൻദഖ് യുദ്ധം, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഈ ചർച്ച ഇനിയും മുന്നോട്ടു പോയേക്കാം)

ഇനി ഞാൻ വളരെ വേദനാജനകമായ വാർത്ത വിവരിക്കുന്നതായിരിക്കും. (ജനാസ് കൊണ്ടുവന്നിട്ടുണ്ടോ?)

മുബാറക് അഹ്മദ് സാഹിബ് സിദ്ദീഖിയുടെ മകളായ മർയം സൽമാൻ ഗുൽ സാഹിബ ജൂൺ 17ന് 25-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ.* കുറച്ച് ദിവസം മുമ്പേതന്നെ രോഗത്തെ കുറിച്ച് അറിയാൻ കഴിഞ്ഞിരുന്നു. ആരോഗ്യം കൂടുതൽ വഷളായപ്പോൾ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. എന്നാൽ, അല്ലാഹുവിന്റെ വിധി അതിജയിച്ചു. ജീവൻ രക്ഷിക്കാൻ സാധിച്ചില്ല. എല്ലാവരോടും ഇണങ്ങിയും സ്നേഹിച്ചും കഴിയുന്നവളും സൽസ്വഭാവിയുമായ പെൺകുട്ടിയായിരുന്നുവെന്നാണ് അവളെ പരിചയമുള്ള എല്ലാവരും പറയുന്നത്. കൃത്യമായി നമസ്കരിച്ചിരുന്നു. സഹതാപിയും സേവകയും ആയിരുന്നു. ഖിലാഫത്തിനോട് അങ്ങേയറ്റത്തെ സ്നേഹബന്ധമായിരുന്നു. പരേത മാതാപിതാക്കൾക്കും ഭർത്താവിനും പുറമെ തന്റെ സ്മരണാർഥം രണ്ടു പെൺമക്കളേയും-നായാബ്, സർയാബ്-വിട്ടുപോയിരിക്കുന്നു. നായാബിന് അഞ്ച് വയസ്സും സർയാബിന് ഒന്നര വയസ്സുമാണ്. എഴുതിയ വ്യക്തി എഴുതുന്നു: മർയം സൽമാൻ സാഹിബയുടെ മാതാവ് ഗുൽ മുബാറക്ക് സാഹിബയ്ക്ക് കഴിഞ്ഞ ആറ് ആഴ്ചയ്ക്കുള്ളിൽ മൂന്ന് ആഘാതം ഏല്ക്കേണ്ടി വന്നു. ഗുൽ മുബാറക് സാഹിബയുടെ ഒരു സഹോദരൻ വഫാത്തായി. പിന്നെ സഹോദരി കഴിഞ്ഞ മെയ് മാസത്തിൽ വഫാത്തായി. ഇപ്പോൾ അവരുടെ മകളും അല്ലാഹുവിന് പ്രിയപ്പെട്ടവളായി. അല്ലാഹു അവർക്ക് ക്ഷമയും സ്ഥൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ.

മർയം സൽമാൻ സാഹിബ തന്റെ ജമാഅത്തായ യപ്സമിലെ(Epsom) സെക്രട്ടറി നൗമുബാഇആത്ത് ആയിരുന്നു. വലിയ സൽസ്വഭാവത്തോടും പ്രസന്നമായ മുഖത്തോടുംകൂടി അർഹതപ്പെട്ടവരെ നിരന്തരം സഹായിച്ചിരുന്നു. അവരുടെ ഹൽഖയിലെ സദ്ർ ലജ്ന പറയുന്നു: അസീസ മർയം സൽമാൻ സാഹിബ സെക്രട്ടറി നൗമുബാഇആത്ത് എന്ന നിലയിൽ വളരെ ഉത്തമവും മാതൃകായോഗ്യവുമായ ജോ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും
മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,
നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും
അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും
നിത്യവും ഖുർആൻ പാരായണം ചെയ്യാൻ
അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'
(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

ലികളാണ് നിർവഹിച്ച് കൊണ്ടിരുന്നത്. പുതുതായി അഹ്മദിയ്യത്ത് സ്വീകരിക്കുന്ന സ്ത്രീകളോട് ഏതൊരു സ്നേഹത്തിന്റെ ബന്ധമാണ് ഉണ്ടാക്കിയിരുന്നതെന്നാൽ നവഅഹ്മദികളായ വനിതകൾക്ക് സ്വയം തന്നെ ഇവരിലൂടെ ജമാഅത്തിനോട് അനുരക്തി തോന്നുമായിരുന്നു. ഒരു നവഅഹ്മദി ഫരീദ നെൽസൺ പറയുന്നു: എനിക്കോർമയുണ്ട്. ഞാൻ ആദ്യമീറ്റിംഗിൽ പോയപ്പോൾ എന്നെ വേറിട്ടു എനിക്കു കാണേണ്ടിവരുമോ എന്ന ചിന്ത എനിക്കുണ്ടായിരുന്നു. പക്ഷേ, എന്നെ കണ്ടുടനെ മർയമിന്റെ മുഖത്ത് ഒരു വലിയ പുഞ്ചിരി വിടർന്നു. അതോടൊപ്പം എന്റെയടുത്തു വന്നു. എന്നെ ആശ്ലേഷിച്ചു. മുഴുവൻ സമയവും എന്നോടൊപ്പംതന്നെ ഇരുന്നു. അതിനുശേഷം എനിക്കുവേണ്ടി എന്റെ വീട്ടിൽ ചോക്ലേറ്റും കൊണ്ടുവന്നു. എന്നോടു ജമാഅത്തിന്റേയും ഖിലാഫത്തിന്റേയും ബർക്കത്തുകൾ പറഞ്ഞുകൊണ്ടിരുന്നു. ഇപ്രകാരം തന്നെ മറ്റൊരു നവ അഹ്മദി വനിത അൻദലീബ് സാഹിബ പറയുന്നു: എന്റെ അഭിപ്രായത്തിൽ എല്ലാ നൗമുബായീൻ സെക്രട്ടറിമാരും മർയമിനെപോലെ ആയിരിക്കണമെന്നാണ്. കാരണം ഞാൻ ഓർക്കുന്നു, ആദ്യമായി മർയമുമായി കണ്ടുമുട്ടിയപ്പോൾ എനിക്കൊരു പ്രിയപ്പെട്ട സഹോദരിയെ ലഭിച്ചുവെന്ന് തോന്നും വിധം എന്നെ അവർ സ്നേഹത്തോടും പ്രീതിയോടും കൂടി കെട്ടിപ്പിടിച്ചു. എനിക്കും എന്റെ മക്കൾക്കും വേണ്ടി ചെറിയ ചെറിയ സമ്മാനങ്ങളുമായി അവർ എന്റെ വീട്ടിൽ വരാറുണ്ടായിരുന്നു. ഫോണിലൂടെയും കൂടികാഴ്ച്ചയിലൂടെയും ഞാനുമായി ഒരു ബന്ധം ഉണ്ടാക്കിയിരുന്നു. സുഹൃത്തുക്കളോടും ആളുകളോടുമുള്ള സംഭാഷണത്തിൽ അധികവും ഖിലാഫത്തിന്റെ അനുഗ്രഹങ്ങളും ജമാഅത്ത് വ്യവസ്ഥിതിയെയും കുറിച്ചാണ് പറയാറുണ്ടായിരുന്നത്. നവഅഹ്മദികളുടെ ഏറ്റവും നല്ല സുഹൃത്തായി മാറിയിരുന്നു. അവരെ സഹായിച്ചിരുന്നു. അതുമൂലം ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുക്കാനുള്ള താൽപര്യം അവരിൽ വർധിച്ചിരുന്നു. ഇപ്പോൾ ആ നവഅഹ്മദി പറയുന്നു: ആ പെൺകുട്ടിയുടെ തർബിയ്യത്തുകൊണ്ട് ഞാൻ ഇപ്പോൾ ആ ഹൽഖയിലെ ജനറൽ സെക്രട്ടറിയായികഴിഞ്ഞിരിക്കുകയാണ്. അവർ തന്റെ നിസ്സാരമായ പോക്കറ്റ് മണിയിൽനിന്ന് മിച്ചം വെച്ചും സൃഷ്ടിസേവനം നടത്തിയിരുന്നു.

അസീസ മർയം സാഹിബയുടെ പിതാവ് മുബാറക് സിദ്ദീഖി സാഹിബ് എഴുതുന്നു: വളരെ കൃത്യതയോടെ ഖുത്ബ കേൾക്കുമായിരുന്നു. എല്ലാ ജോലികളിലും ദീനിന് ദുൻയാവിനെക്കാൾ മുൻതൂക്കം നല്കിയിരുന്നു. വഫാത്തിന് രണ്ട് ദിവസം മുമ്പേ മജ്‌ലിസ് ശൂറ ഉണ്ടായിരുന്നു. മർയം ഐ.സി.യുവിലായിരുന്നു. ഞാൻ അവളോട് പറഞ്ഞു: ഞാൻ ശൂറയിൽനിന്ന് അവധി വാങ്ങാം. എന്നാൽ, മർയം പറഞ്ഞു: 'അങ്ങ് എന്നെ കുറിച്ച് ചിന്തിക്കേണ്ടതില്ല. ഞാൻ കാരണം ജമാഅത്തിന്റെ പരിപാ ടി ഉപേക്ഷിക്കരുത്. ശൂറയിൽ പങ്കെടുക്കണം. കാരണം നമ്മൾ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പ്രതിജ്ഞ ചെയ്തവരാണ്.' ഇംഗ്ലീഷിൽ കവിതകളും രചിക്കുമായിരുന്നു. ഒരു ഇംഗ്ലീഷ് കവിതയുടെ ചുരുക്കം ഇങ്ങനെയാണ്;"നിങ്ങൾ ഏതെങ്കിലും സൽപ്രവൃത്തി ചെയ്യാൻ തുടങ്ങുമ്പോൾ നിങ്ങൾക്ക് ഒരുപാട് പ്രയാസങ്ങളുണ്ടാകും. ജനങ്ങൾ നിന്റെ ആത്മാർഥതയിൽ സംശയിക്കും. ജനങ്ങളെ അവരുടെ പണി ചെയ്യാൻ വിടുക. നിങ്ങൾ നിങ്ങളുടെ സൽക്കർമങ്ങൾ ചെയ്തുകൊണ്ടുപോകുക."ഇതുപോലെ ഖിലാഫത്തിനെ സംബന്ധിച്ചും ഒരു ഉർദുകവിത രചിട്ടുണ്ട്.

ലണ്ടനിലെ സെന്റ് ജോർജസ് ഹോസ്പിറ്റലിലാണ് മർയത്തെ പ്രവേശിപ്പിച്ചിരുന്നത്. അവിടെയുള്ള ഒരു നേഴ്സ്-ജർമൻകാരിയാണ് പറയുന്നു: 'മർയമുമായി സംസാരിക്കുമ്പോഴെല്ലാം എനിക്ക് ഒരു മലക്കുമായി കണ്ടുമുട്ടിയ പ്രതീതിയാണ് ഉണ്ടായിരുന്നത്.'

ഉഷ്ണകാലത്ത് ഇവിടെ ചൂടുകൂടുമ്പോൾ തന്റെ ഫ്രിഡ്ജിൽ വെള്ളത്തിന്റെ ബോട്ടിൽ വെക്കുമായിരുന്നു. പിന്നീട് അവധിദിവസങ്ങളിൽ പെൺകുട്ടികളോടൊപ്പം വെളിയിലിരുന്ന് ആളുകൾക്ക് വെള്ളം വിതരണം ചെയ്യുന്നതിന് 'സൗജന്യമായി കുടിവെള്ളം' എന്ന് മുകളിൽ എഴുതി വെക്കുമായിരുന്നു. ഒരുപാട് ഇംഗ്ലീഷുകാർ വരുമായിരുന്നു. സ്റ്റാൾ കണ്ടു നില്ക്കുമായിരുന്നു. സാധനങ്ങൾ വാങ്ങുമായിരുന്നു. ഒരു ഇംഗ്ലീഷുകാരിയെ കുറിച്ച് അവർ എഴുതി:അവർ മർയമിനോടു ചോദിച്ചു: വീടിനു വെളിയിൽ മേശമേൽ വെള്ളം, ചോക്ലേറ്റു തുടങ്ങിയ സാധനങ്ങൾവച്ച് 'ഇതു സൗജന്യമാണ്, കൊണ്ടുപൊയ്ക്കൊള്ളുക' എന്ന് മുകളിൽ എഴുതി വെക്കണമെന്ന ചിന്ത നിനക്കെങ്ങനെയാണുണ്ടായത്. അപ്പോൾ പറഞ്ഞു: കുട്ടികൾക്ക് ഒരാഴ്ച സ്കൂൾ അവധിയാണ്. ഞാൻ കുട്ടികളുടെ സന്തോഷത്തിന് ആഴ്ച മുഴുവൻ സ്റ്റാൾ ഇടുന്നതാണ്. ആ ഇംഗ്ലീഷുകാരി പറഞ്ഞു:'ഞാൻ വിനോദത്തിനും സമാധാനത്തിനുംവേണ്ടി കുട്ടികൾക്ക് ആയിരക്കണക്കിന് പൗണ്ട് ചെലവു ചെയ്ത് ദൂര ദൂര കൊണ്ടുപോകാറുണ്ട്. എനിക്കു സമാധാനം കിട്ടുന്നില്ല. ജനങ്ങളെ സേവിച്ചു കൊണ്ട് യഥാർഥ സന്തോഷം വീട്ടിലിരുന്ന് കരസ്ഥമാക്കാമെന്ന് എനിക്ക് അറിയില്ലായിരുന്നു.'

എപ്പോഴും സലാം പറയുന്നതിലും മറ്റുള്ളവരുടെ വിശേഷങ്ങൾ അന്വേഷിക്കുന്നതിലും മുൻകടന്നിരുന്നു. ഏതെങ്കിലും പരിചയമുള്ളവരോടു അല്ലെങ്കിൽ തന്റെ മഹല്ലിലുള്ളവരോടു കുറച്ചുദിവസം സംസാരിക്കാൻ സാധിച്ചില്ലെങ്കിൽ മെസേജ് അയച്ച് സുഖവിവരം തിരക്കുമായിരുന്നു. എപ്പോഴും മറ്റുള്ളവരിൽ നല്ല കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുമായിരുന്നുവെന്നതും ഒരു ഗുണമായിരുന്നു. പിന്നീട് ആ നല്ലകാര്യങ്ങളെ appreciate ചെയ്യുമായിരുന്നു. എപ്പോഴും അവളുടെ മുഖത്ത് പുഞ്ചിരി ഉണ്ടാകുമായിരുന്നു. അല്ലാഹുവിൽ അധികമായി തവക്കുൽ ചെയ്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് ഒരുപാട് നന്ദി പറയുന്ന കുട്ടിയായിരുന്നു. അല്ലാഹു അവളിൽ കാരുണ്യം വർഷിക്കുമാറാകട്ടെ. പാപപൊറുതിയോടെ പെരുമാറട്ടെ. എപ്രകാരം ആ കുട്ടി അല്ലാഹുവിൽ പ്രതീക്ഷ അർപ്പിച്ചിരുന്നുവോ അല്ലാഹു അതിലും അധികമായി അവളോട് സ്നേഹത്തോടെ പെരുമാറട്ടെ. തന്റെ സ്നേഹത്തിന്റെ മടിത്തട്ടിൽ എടുക്കുമാറാകട്ടെ. അവളുടെ പദവികൾ ഉയർത്തുമാറാകട്ടെ. അല്ലാഹുവേ! അവളുടെ പെൺമക്കളെ എപ്പോഴും നിന്റെ സംരക്ഷണത്തിലും അഭയത്തിലും വച്ച് ആ കുട്ടികൾക്കായി അവൾ ചെയ്തിരുന്ന എല്ലാ ദുആകളും നീ സ്വീകരിക്കേണമേ. മാതാപിതാക്കൾക്ക് ക്ഷമയും സ്ഥൈര്യവും നല്കുകയും അവർ അല്ലാഹുവിന്റെ തൃപ്തിയിൽ പരിപൂർണ ഹൃദയത്തോടെ തൃപ്തരാകുകയും ചെയ്യുമാറാകട്ടെ. അവളുടെ കുട്ടികളെ മാതൃകാപരമായി പരിപാലിക്കുന്നവരായി മാറട്ടെ. അവരെ സഹായിക്കുന്നവരാകട്ടെ. അവളുടെ ഭർത്താവിന്, കുട്ടികൾക്ക് മാതാവിന്റെയും പിതാവിന്റെയും സ്നേഹം നല്കാൻ സാധിക്കുമാറാകട്ടെ. അല്ലാഹു അവളുടെ പദവികൾ ഉയർത്തുമാറാകട്ടെ.

ജുമുഅയ്ക്കുശേഷം ഇൻശാ അല്ലാഹ് പരേതയായ കുട്ടിയുടെ ജനാസ നമസ്കരിപ്പിക്കുന്നതാണ്.എല്ലാവരും അതിൽ പങ്കെടുക്കുക. ജനാസ ഞാൻ വെളിയിൽപോയി നമസ്കരിപ്പിക്കുന്നതാണ്. ഉള്ളിലുള്ളവർ ഇവിടെത്തന്നെ നമസ്കരിക്കുക.

---

(പേജ് 1ൽനിന്ന്)

### ആധുനിക ജ്ഞാനങ്ങൾ കരസ്ഥമാക്കൽ:

ആധുനിക ജ്ഞാനങ്ങൾക്ക് എതിരു നില്ക്കുന്ന മൗലവിമാർ അബദ്ധത്തിലാണുള്ളതെന്ന് എനിക്കറിയാം. അവർ യഥാർഥത്തിൽ തങ്ങളുടെ തെറ്റും ദൗർബല്യവും മറച്ചു വെക്കാനാണ് അങ്ങനെ ചെയ്യുന്നത്. ആധുനിക ശാസ്ത്ര ഗവേഷണങ്ങൾ ഇസ്‌ലാമിനെ തെറ്റു ധരിപ്പിക്കുമെന്നും വഴിപിഴപ്പിക്കുമെന്നുമുള്ള കാര്യമാണ് അവരുടെ മനസ്സിൽ കുമിഞ്ഞുകൂടിയിരിക്കുന്നത്. ബുദ്ധിയും ശാസ്ത്രവും ഇസ്‌ലാമിനു തികച്ചും വിരുദ്ധമായ കാര്യമാണെന്ന് അവർ നിശ്ചയിച്ചുറപ്പിച്ചിരിക്കുകയാണ്. കരണം സ്വയം തത്ത്വ ചിന്തകളുടെ ദൗർബല്യങ്ങൾ എടുത്ത് പ്രകടിപ്പിക്കാനുള്ള ശക്തി അവർക്കില്ല. തങ്ങളുടെ ഈ ദൗർബല്യം മറച്ചു വെക്കുന്നതിന് ആധുനിക ശാസ്ത്രം പഠിക്കുന്നതുതന്നെ അനുവദനീയമല്ലെന്ന കാര്യം മെനഞ്ഞെടുക്കുകയാണ്. അവരുടെ ആത്മാവ് തത്ത്വജ്ഞാനം എന്നു കേൾക്കുമ്പോൾത്തന്നെ വിറകൊള്ളുന്നു. ആധുനിക ഗവേഷണങ്ങളുടെ മുമ്പിൽ സുജൂദ് ചെയ്യുന്നു.

### സത്യസന്ധമായ തത്ത്വജ്ഞാനം വിശുദ്ധഖുർആനിലാണുള്ളത്

എന്നാൽ, ദൈവികവെളിപാട് കൊണ്ടുണ്ടാകുന്ന സത്യമായ തത്ത്വജ്ഞാനം അവർക്ക് ലഭിച്ചില്ല.അത് വിശുദ്ധ ഖുർആനിൽ തിക്കിതിരികി നിറച്ചിരിക്കുന്നു. അത് നല്കപ്പെടുന്നത് അങ്ങേയറ്റം വണക്കത്തോടും തന്നെ ഒന്നുമല്ലാത്തവനാക്കിയും സ്വയമേവ അല്ലാഹുവിന്റെ വാതിൽക്കൽ എറിയുന്നവനാണ്. അവന്റെ മനസ്സിൽനിന്നും ബുദ്ധിയിൽനിന്നും അഹങ്കാരപരമായ ചിന്താഗതികളുടെ ദുർഗന്ധം പുറത്തുപോകുകയും സ്വന്തം ദൗർബല്യങ്ങൾ സമ്മതിച്ചുകൊണ്ട് വിറച്ചുവിറച്ച് സത്യമായ ദാസത്വം ഏറ്റു പറയുകയും ചെയ്യുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 56-58, അച്ചടി 2018 ഖാദിയാൻ)

---

**അല്ലാഹുവിന്റെ കലാം**

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

ത്വാലിബെ ദുആ
**M.P.Haneef Ahmad**
**Ameer Ahmadiyya Jama-ath Koodali, Kerala.**

**കലാമുൽ ഇമാം:-**

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജപ്പാൻ സന്ദർശനം നവംബർ 2015

**(കഴിഞ്ഞ ലക്കം തുടർച്ച..)**

ഞാൻ (അസിസ്റ്റന്റ് പ്രൊഫസർ അകീകൊ കൊമൂറ) എന്റെ ഈ ഗ്രന്ഥം ('ഇസ്‌ലാം എങ്ങനെ ജപ്പാനി സമൂഹവുമായി ബന്ധപ്പെടുന്നതിന് ഉത്തമ മാർഗ്ഗമാകുന്നു') മുഖേന ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയും ജപ്പാനികളുമായി ഇസ്‌ലാമിന്റെ അണ്ടർസ്റ്റാൻഡിംഗ് (understanding) ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതായിരിക്കും.

ഭക്ഷണ സമയത്ത് അവർ ഹുദൂറിന്റെ ഇടതു ഭാഗത്താണ് ഇരുന്നിരുന്നത്. അവരുമൊത്തുള്ള സംഭാഷണത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെ കുറിച്ച് പറയുന്നുണ്ടായിരുന്നു. ജിഹാദിനെ കുറിച്ചുള്ള യഥാർഥ ഇസ്‌ലാമിക വീക്ഷണത്തെ കുറിച്ചും പരാമർശിച്ചു. ഏറ്റവും ഉത്തമമായ ജിഹാദ് തന്റെയുള്ളിൽ പരിശുദ്ധ മാറ്റം ഉണ്ടാക്കുക എന്നതാണ്. ശാന്തി-സമാധാന സന്ദേശം എത്തിക്കുക എന്നതാണ്. അതുകൊണ്ട് തീവ്രവാദ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന മുസ്‌ലിം വിഭാഗങ്ങൾക്ക് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ല. അവർ പറയുന്ന തരത്തിലുള്ള ജിഹാദിനെ ഇസ്‌ലാം അവതരിപ്പിക്കുന്നില്ല.

അതിനുശേഷം ഹുദൂർ, ഈസാ നബിയുടെ മരണം, ആഗമനാകുന്ന മസീഹിനെ കുറിച്ച് അഹ്മദിയ്യാ ജമാഅത്തിന്റേയും ഇതര മുസ്‌ലിമീംകളുടേയും ഇടയിലുള്ള അഭിപ്രായ വ്യത്യാസം തുടങ്ങിയവയെ കുറിച്ച് സവിസ്തരം സംസാരിച്ചു. ഇതര മുസ്‌ലിമീംകൾ ഈസാ നബി ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്നും അവസാനകാലത്ത് ആകാശത്ത് നിന്ന് ഇറങ്ങി വരുമെന്നും ധരിച്ചിരിക്കുകയാണ്. എന്നാൽ, അഹ്മദിയ്യാ ജമാഅത്ത്, ഈസാ നബി മരിച്ചുപോയെന്ന് വിശ്വസിക്കുന്നുവെന്നും നബി(സ)ന്റെ ദീർഘ ദർശനമനുസരിച്ച് അവസാന കാലത്ത് വരേണ്ടുന്ന മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ആണെന്നും 1889-ൽ അഹ്മദിയ്യാ ജമാഅത്തിന് അദ്ദേഹം അസ്തിവാരമിട്ടുവെന്നും പറയുന്നു. ഞങ്ങളും ഭൂരിപക്ഷ മുസ്‌ലിമീംകളും തമ്മിലുള്ള അടിസ്ഥാനപരമായ ഒരു വ്യത്യാസം ഇതാണ്.

രാത്രി ഭക്ഷണ പരിപാടി 7.15-വരെ നീണ്ടു നിന്നു. നന്ദി പ്രകടനത്തിനുശേഷം ഹുദൂർ ദുആക്ക് നേതൃത്വം നൽകി.

ഇവിടെനിന്ന് മടങ്ങി വരുമ്പോൾ ജാപ്പനീസ് ഭരണഘടന തയ്യാറാക്കപ്പെട്ട Meiji Kinekan കോംപ്ലെക്സിലെ ഹാൾ ഹുദൂറിന് കാണിച്ചുകൊടുത്തു. 7.20-ന് അവിടെ നിന്ന് മടങ്ങിയ ഹുദൂർ 7.40-ന് ഹോട്ടലിൽ തിരിച്ചെത്തി. ഹോട്ടലിൽ ഒരു ഹാൾ നമസ്കാരത്തിന് പ്രത്യേകപ്പെടുത്തിയിരുന്നു. 8 മണിക്ക് ഈ ഹാളിലെത്തി മഗ്‌രിബ്-ഇശാ ജംആയി നമസ്കരിപ്പിച്ചു. നമസ്കാര ശേഷം ഹുദൂർ അപ്പാർട്ടുമെന്റിലേക്ക് പോയി.

ഡോക്ടർ സാതാ സാഹിബിനെ കുറിച്ച് പറഞ്ഞു: 2013-ൽ ഞാൻ ഇവിടെ വന്നപ്പോൾ എന്നെ ഹോട്ടലിൽ കാണാൻ ഇദ്ദേഹം വന്നിരുന്നു.

ആ കൂടിക്കാഴ്ചയുടെ വിശദ രൂപം ഇങ്ങനെയാണ്: ഹുദൂർ ജപ്പാനിൽ വന്നപ്പോൾ സാതാ സാഹിബ് തന്റെ കമ്പനിയുടെ ഒരു ബിസിനസ് ടൂറിൽ യൂറോപ്പിലായിരുന്നു. ഇറ്റലി യാത്രയിലായിരുന്നു. ഇദ്ദേഹം തിരിച്ച് ജപ്പാനിലെത്തിയപ്പോൾ വൈകുന്നേരം മുബല്ലിഗ് ഇൻചാർജിന് ഫോൺ ചെയ്ത് ഹുദൂറിനെ കാണാനാഗ്രഹമുണ്ടെന്ന് അറിയിച്ചെങ്കിലും ആ നേരത്ത് കൂടിക്കാഴ്ച ബുദ്ധിമുട്ടാണെന്നും നാളെ രാവിലെ ഹോട്ടലിൽനിന്ന് എയർപ്പോർട്ടിലേക്ക് മടങ്ങുകയാണെന്നും ലണ്ടനിലേക്കുള്ള മടക്കയാത്രയുടെ തയ്യാറെടുപ്പിലാണെന്നും മുബല്ലിഗ് അറിയിച്ചു. അപ്പോൾ സാതാ സാഹിബ് പറഞ്ഞു: 'ഞാൻ രാവിലെ തന്നെ ഹോട്ടലിലെത്തുന്നതായിരിക്കും. ഹോട്ടലിലെ ലോബി(Lobby)യിൽ ഹുദൂറിനെ കാത്തുനിൽക്കുന്നതാണ്. ഹുദൂർ കടന്നു പോകുമ്പോൾ ഹുദൂറിന്റെ മുഖകമലം കണ്ടുകൊള്ളാം.' അങ്ങനെ അടുത്ത ദിവസം രാവിലെ അദ്ദേഹം ഹോട്ടലിലെത്തി. പുറത്തേക്ക് പോകാൻ ഹോട്ടലിൽ നിന്നിറങ്ങി ലോബിയിലെത്തിയ ഹുദൂറിനെ അദ്ദേഹം മുന്നോട്ട് വന്ന് ഹസ്തദാനം ചെയ്തു. സ്നേഹത്തോടെ ഹുദൂർ സുഖവിവരങ്ങൾ അന്വേഷിച്ചു. അൽപ സമയം അദ്ദേഹവുമൊത്ത് സംഭാഷണത്തിൽ മുഴുകി.

ഹുദൂർ പുറത്തിറങ്ങുമ്പോൾ തനിക്ക് മുഖം കാണാനെങ്കിലും അവസരം കിട്ടുമല്ലോ എന്നോർത്താണ് വന്നതെന്നും എന്നാൽ, കൈകൊടുക്കാനുള്ള ഭാഗ്യം കിട്ടിയെന്നും ഹുദൂറുമൊത്ത് സംസാരിച്ചുവെന്നും തനിക്കുണ്ടായ സന്തോഷം വിവരണാതീതമാണെന്നും മുബല്ലിഗ് സാഹിബിനോട് അതിനുശേഷം സാതാ സാഹിബ് പറയുകയുണ്ടായി.

അദ്ദേഹത്തിന് ലഭിച്ച ഈ ഭാഗ്യം വർധിച്ചുകൊണ്ടിരിക്കുമാറാകട്ടെ. സത്യത്തെ തിരിച്ചറിയാനും യഥാർഥ ഇസ്‌ലാമായ അഹ്മദിയ്യത്തിനെ സ്വീകരിക്കാനുമുള്ള ഭാഗ്യം ലഭിക്കുമാറാകട്ടെ.-ആമീൻ.

## 2015 നവംബർ 18 ബുധനാഴ്ച.

5.30-ന് ഹുദൂർ ഹോട്ടൽ ഹാളിലെത്തി ഫജ്ർ നമസ്കരിപ്പിച്ചു. ശേഷം താമസിക്കുന്ന അപ്പാർട്ട്മെന്റിലേക്ക് മടങ്ങി.

## Tokyo യിൽനിന്ന് Nagoyaയിലേക്ക്. നഗോയായിൽ ഹുദൂറിന്റെ ആഗമനം

ഇന്ന് ട്രെയിൻ മാർഗം ഹുദൂറിന് ടോക്കിയോയിൽനിന്ന് നഗോയായിലേക്ക് പോകാനു ള്ള പ്രോഗ്രാമായിരുന്നു. രാവിലെ 10.10-ന് ഹുദൂർ ഹോട്ടലിന് പുറത്തു വരികയും സമൂഹ പ്രാർഥന നടത്തുകയും ചെയ്തു. തുടർന്ന് ടോക്കിയോയിലെ ഷിനാഗവ(Shinagawa) റെയിൽവേ സ്റ്റേഷനിലേക്ക് പുറപ്പെട്ട് 10.40 ന് അവിടെയെത്തി. 11.27 ന് ട്രെയിൻ നാഗോയയിലേക്ക് പുറപ്പെട്ടു. 350 കിലോമീറ്ററാണ് അവിടേക്കുള്ള ദൂരം. ടോക്കിയോ കൂടാതെ ജപ്പാനിലെ വലിയ നഗരങ്ങളാണ് ഒസാകാ, ക്യോട്ടോ, യൂകോഹാമ, നാഗോയ. ജപ്പാനിലെ മൂന്നാമത്തെ വലിയ പട്ടണമാണ് നാഗോയ. പൂർണ്ണമായും വളരെ സുന്ദരവും ഹരിതാഭവും പർവ്വതനിരകൾകൊണ്ടും താഴ്വരകൾകൊണ്ടും സമ്പന്നവുമാണ് ഈ വഴി. റെയിൽവേ ലൈനിന്റെ ഇരു ഭാഗത്തും ജനവാസം ദൃശ്യമാണ്. പട്ടണങ്ങളും ഗ്രാമങ്ങളും ഉൾഗ്രാമങ്ങളും ജനനിബിഢമാണ്. പിന്നിലായി പർവ്വതനിരകൾ സ്ഥിതി ചെയ്യുന്നു.പർവ്വത നിരകളുടെ നാലു ഭാഗവും പച്ചപ്പ് നിറഞ്ഞിരിക്കുന്നു.

ജപ്പാനിലെ ഏറ്റവും പ്രശസ്തമായ പർവ്വതം മൗണ്ട് ഫൂജി(Mt.Fuji)യും ടോക്കിയോയിൽനിന്ന് നാഗോയായിലേക്ക് പോകുന്ന വഴിക്കാണുള്ളത്. ഈ പർവ്വതത്തിന് 3776 മീറ്റർ ഉയരമുണ്ട്. ഇതിന്റെ കൊടുമുടി മഞ്ഞുമൂടിക്കിടക്കുന്നു. ഈ അഗ്നി പർവ്വതത്തിന്റെ ഉച്ചിയിൽ 800 മീറ്റർ വിസ്താരവും 200 മീറ്റർ ആഴവുമുള്ള ഒരു ഗർത്തമുണ്ട്. ഇതുവരെ 13 പ്രാവശ്യം ഇത് പൊട്ടിതെറിച്ചിട്ടുണ്ട്. ജപ്പാനിൽ ഏകദേശം 80 അഗ്നി പർവ്വതമുണ്ട്. അഗ്നി പർവ്വതത്തിന്റെ 7 ബെൽറ്റുകൾ ജപ്പാന്റെ അടിയിലൂടെ കടന്നു പോകുന്നു.

നൊസോമി(Nozomi) എക്സ്പ്രസ് എന്നാണ് ജപ്പാനിലോടുന്ന ട്രെയിനുകളെ വിളിക്കുന്നത്. ഇവ മണിക്കൂറിൽ 300 കിലോമീറ്റർ വേഗത്തിലാണ് ഓടുന്നത്. ടോക്കിയോയിൽനിന്ന് നാഗോയായിലേക്ക് പോകുന്ന "നൊസോമി എക്സ്പ്രസ് 331" ഒരു മണിക്കൂർ 33 മിനിറ്റ് യാത്ര ചെയ്ത് ഉച്ചകഴിഞ്ഞ് 1.00 മണിക്ക് നാഗോയായിലെത്തി.

ഹിൽട്ടൻ ഹോട്ടലിലാണ് ഹുദൂറിനും സംഘത്തിനും താമസിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിരുന്നത്. 1.20-ന് ഹോട്ടലിലെത്തിയ ഹുദൂറിനെ ഹോട്ടലിന്റെ അസിസ്റ്റന്റ് മാനേജറും സ്റ്റാഫംഗങ്ങളും ചേർന്നു സ്വീകരിച്ചു. തുടർന്ന് താമസം ഏർപെടുത്തിയിരിക്കുന്ന അപ്പാർട്ടുമെന്റിലേക്ക് പോയി.ഇവിടെ നിന്ന് 2.00 മണിക്ക് പുതുതായി നിർമാണം പൂർത്തിയായ മസ്ജിദ് ബയ്ത്തുൽ അഹദിലേക്ക് യാത്ര പുറപ്പെട്ടു. ഈ മസ്ജിദ് ഹോട്ടലിൽനിന്ന് 20, 30 മിനിറ്റ് യാത്രാദൂരത്താണ് സ്ഥിതി ചെയ്യുന്നത്. സ്ത്രീകളും പുരുഷന്മാരും കുട്ടികളുമടങ്ങുന്ന അഹ്മദി സഹോദരങ്ങൾ ഹുദൂറിനെ വരവേൽക്കാൻ മസ്ജിദ് വളപ്പിലെത്തിയിരുന്നു.

### മസ്ജിദ് ബയ്ത്തുൽ അഹദിൽ ആഗമനം

ഏകദേശം രണ്ടര മണിക്ക് ഹുദൂർ മസ്ജിദ് ബയ്ത്തുൽ അഹദിലെത്തി. മസ്ജിദിന്റെ അങ്കണത്തിൽ ജമാഅത്തംഗങ്ങളായ പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ സ്വീകരിച്ചു. സ്വാഗതം ചെയ്തു. ആ നേരത്ത് മഴ പെയ്യുന്നുണ്ടായിരുന്നു. ഓരോരുത്തരും കുട പിടിച്ച് പ്രിയപ്പെട്ട ഇമാമിനെ ഒരു നോക്കു കാണാൻ കാത്തുനിൽക്കുകയായിരുന്നു. ജമാഅത്ത് സഹോദരങ്ങൾ ഉറക്കെ ഉറക്കെ മുദ്രാവാക്യങ്ങൾ മുഴക്കി ഹുദൂറിനെ വരവേറ്റു. ഹുദൂർ എല്ലാവർക്കും ഉച്ചത്തിൽ അസ്സലാമു അലയ്ക്കും പറഞ്ഞ് മസ്ജിദിനകത്തേക്ക് പ്രവേശിച്ചു.

ജപ്പാൻ മണ്ണിൽ അഹ്മദിയ്യാ ജമാഅത്ത് പണികഴിപ്പിക്കുന്ന ആദ്യ മസ്ജിദാണിത്. അതിന്റെ ഔദ്യോഗികമായ ഉൽഘാടനം ഇൻശാ അല്ലാഹ് നവംബർ-20 വെള്ളിയാഴ്ച ജുമുആ നമസ്കാരത്തോടെ ഹുദൂർ നിർവ്വഹിക്കുന്നതായിരിക്കും.

മസ്ജിദ് നോക്കിക്കണ്ടതിനുശേഷം ഹുദൂർ അഹ്മദിയ്യാ ജമാഅത്തിന്റെ നാഷണൽ സ്വദ്റിനോട് ചില കാര്യങ്ങൾ അന്വേഷിച്ചു. മസ്ജിദിന്റെ പിൻഭാഗത്ത് വ്യവസ്ഥാപിതമായ രൂപത്തിൽ മറച്ചുകൊണ്ട് മൂവിംഗ് പാർട്ടിഷൻ ചെയ്യാനും ലജ്നകൾക്ക് സൗകര്യം ഒരുക്കാനും ഹുദൂർ നിർദ്ദേശിച്ചു.

അതിനുശേഷം ളുഹ്ർ-അസ്ർ ജംഅ് ചെയ്ത് നമസ്കരിപ്പിച്ചു.

### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച

ഇന്നേ ദിവസം വൈകുന്നേരം മസ്ജിദ് ബയ്ത്തുൽ അഹദിൽ കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചാ പരിപാടി സംഘടിപ്പിച്ചിരുന്നു. ഹുദൂർ 6.00 മണിക്ക് താമസസ്ഥലത്തുനിന്ന് പുറപ്പെട്ടു. അര മണിക്കൂർ യാത്രക്കുശേഷം 6.30-ന് ബയ്ത്തുൽ അഹദിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചാ പരിപാടിക്ക് തുടക്കം കുറിച്ചു.

44 കുടുംബത്തിൽ നിന്നുള്ള 160 ആളുകൾക്ക് തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി നേരിട്ട് കൂടിക്കാഴ്ച നടത്താൻ സൗഭാഗ്യം ലഭിച്ചു. ഓരോരുത്തർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സാധിച്ചു. വിദ്യർഥി വിദ്യാർഥിനികൾക്ക് സന്തോഷപൂർവ്വം ഹുദൂർ പേനകൾ നൽകി. ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നൽകുകയുണ്ടായി.

ഇന്ന് നഗോയ ജമാഅത്തിലെ അംഗങ്ങളും കുടുംബങ്ങളുമായിരുന്നു ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയത്. കൂടാതെ, വിദേശരാജ്യങ്ങളായ കോംഗോ(Congo), ദുബൈ, ഓസ്ട്രേലിയ(Australia), ഇന്തൊനീഷ്യ(Indonesia), മലേഷ്യ(Malaysia), പാക്കിസ്താൻ, ഇന്ത്യ, കനഡ (Canada), ശ്രീലങ്ക, ബർമ എന്നീ രാജ്യങ്ങളിൽ നിന്ന് വന്നവരും ഹുദൂറമൊത്ത് കൂടിക്കാഴ്ച നടത്തി. ഇവർ വളരെ ദീർഘദൂരം യാത്ര ചെയ്താണ് മസ്ജിദ് ബയ്ത്തുൽ അഹദിന്റെ ഉൽഘാടന പരിപാടിയിൽ പങ്കെടുക്കാനെത്തിയത്.

കൂടിക്കാഴ്ചയുടെ ഈ പരിപാടി രാത്രി 9.35 വരെ നീണ്ടു. ശേഷം മസ്ജിദിലെത്തിയ ഹുദൂർ മഗ്‌രിബ്–ഇശാഅ് ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു. നമസ്കാരശേഷം 10.30–ന് ഹുദൂർ വാസസ്ഥലത്തേക്ക് മടങ്ങി.

## 2015 നവംബർ 19 (വ്യാഴാഴ്ച).

ഹുദൂർ അയ്യദഹുല്ലാഹ് 5.10–ന് ഫജ്ർ നമസ്കരിക്കാൻ ഹോട്ടലിൽ നിന്ന് പുറപ്പെട്ടു. 20 മിനിറ്റ് യാത്രക്കുശേഷം 5.30–ന് ബയ്ത്തുൽ അഹദിൽ എത്തിയ ഹുദൂർ നമസ്കാരത്തിന് നേതൃത്വം നൽകി. 6.15–ന് താമസ സ്ഥലത്ത് മടങ്ങിയ ഹുദൂർ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ മുഴുകി. കത്തുകളും പരിശോധിച്ച് നിർദേശങ്ങൾ നല്കി.

ഹുദൂർ ഉച്ചതിരിഞ്ഞ് 3.20–ന് ഹോട്ടലിൽ നിന്ന് പുറപ്പെട്ട് 3.50–ന് ബയ്ത്തുൽ അഹദിലെത്തി.ളുഹ്ർ–അസ്ർ ജംആക്കി നമസ്കരിപ്പിച്ചു. തുടർന്ന് ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും വെവ്വേറെ ക്ലാസുകളിൽ പങ്കെടുത്തു.

### കുട്ടികളുടെ ക്ലാസ്

അസീസം ഖാജാ ഹയാത്തിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടി ആരംഭിച്ചു. പരിപാടിയിൽ വിശുദ്ധ ഖുർആന്റെ തർജമ വെക്കപ്പെട്ടിരുന്നില്ല. ഇക്കാര്യത്തെ ഉണർത്തിക്കൊണ്ട് തർജമ കേൾപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ഹുദൂർ പറഞ്ഞു. ഇവർക്ക് ജപ്പാനി ഭാഷ അറിയുമെങ്കിൽ ജപ്പാനി പരിഭാഷ കേൾപിച്ചാൽ മതിയായിരുന്നു. ഈ ആയത്തുകൾ മനസ്സിലാക്കാൻ ഇവർക്ക് അറബി ഭാഷ അറിയില്ലല്ലോ. അതുകൊണ്ട് തർജമ അനിവാര്യമാണ്.

★ അസീസം നവീദ് അഹ്മദ് ഒരു ഹദീഥ് വായിച്ചു. അതിപ്രകാരമാണ്. ഹദ്‌റത്ത് അബൂഹുറയ്റ(റ) വിവരിച്ചു. മുഹമ്മദ് നബി(സ) പറഞ്ഞു:

"നൻമയിലേക്കോ നേർമാർഗത്തിലേക്കോ വിളിക്കുന്ന വ്യക്തിക്ക് ആ പ്രവൃത്തി ചെയ്യുന്ന വ്യക്തിയുടെ അത്രയും പ്രതിഫലം കിട്ടുന്നതാണ്. അയാൾക്കാണെങ്കിൽ പ്രതിഫലത്തിൽ നിന്ന് ഒട്ടും കുറയുകയുമില്ല. വഴികേടിലേക്കോ തിൻമയിലേക്കോ വിളിക്കുന്ന വ്യക്തിക്ക് ആ തിന്മ ചെയ്യുന്ന വ്യക്തിയുടെ അത്രയും പാപം കിട്ടുന്നതായിരിക്കും. പാപത്തിൽ നിന്ന് അൽപ്പം പോലും കുറവ് വരുന്നതല്ല."(മുസ്‌ലിം കിതാബുൽ ഇൽമ്, ബാബു മൻ സന്ന ഹസനത്തൻ ഔ സയ്യിഅത്തൻ)

★അതുകഴിഞ്ഞ് വാഗ്ദത്ത മസീഹിന്റെ പദ്യം

ഏ സോനേ വാലോ ജാഗോ കെ വഖ്തെ ബഹാർഹെ
അബ് ദേഘോ ആക്കെ ദർപെ ഹമാരെ വൊ യാർ ഹെ

എന്ന് തുടങ്ങുന്ന ഏതാനും വരികൾ അസീസം യാസിർ ജനൂദ് ഹൃദയസ്പൃക്കായ ഈണത്തിൽ ആലപിച്ചു.

വാഗ്ദത്തമസീഹിനുണ്ടായ ജപ്പാനെ കുറിച്ചുള്ള വെളിപാട് അസീസം മിർസാ മുഅള്ളം ബേഗ് സമർപ്പിച്ചു. 1904–ൽ ജപ്പാനിനും റഷ്യക്കും ഇടയിൽ ഒരു പ്രസിദ്ധമായ യുദ്ധം നടന്നു. ഇത് റഷ്യാ– ജാപ്പനീസ് യുദ്ധം(The Russo- Japanese War) എന്ന് അറിയപ്പെടുന്നു. യുദ്ധമാരംഭിച്ച് ജപ്പാൻ ആക്രമണം തുടങ്ങുന്നതിനു മുമ്പേ വാഗ്ദത്ത മസീഹിന് വെളിപാടുണ്ടായി: ***"ഏക് മശ്‌രിഖ് കി താഖത്ത്, ഔർ കൊറിയ കി നാസുക് ഹാലത്ത്."*** ഒരു കിഴക്കൻ ശക്തിയും കൊറിയയുടെ ഗുരുതരാവസ്ഥയും. കിഴക്കൻ ശക്തി എന്ന വെളിപാടിലുള്ള വാക്ക് അന്വർഥമാക്കിക്കൊണ്ട് ഈ യുദ്ധത്തെ തുടർന്ന് ലോകത്തിന്റെ തികച്ചും കിഴക്കു സ്ഥിതി ചെയ്യുന്ന കിഴക്കൻ ഭൂമി എന്നറിയപ്പെടുന്ന ജപ്പാൻ ലോക ഭൂപടത്തിൽ ഒരു ശക്തിമത്തായ രാജ്യം എന്ന നിലയിൽ രംഗത്തു വന്നു. അതിന്നെതിരിൽ റഷ്യക്ക് മുട്ടു മടക്കേണ്ടി വന്നു എന്ന് മാത്രമല്ല ആഭ്യന്തരമായും പരാജയത്തിന് കീഴ്പ്പെടേണ്ടി വന്നു. എന്നു മാത്രമല്ല, ജപ്പാൻ കൊറിയയെ കീഴ്പ്പെടുത്തി. ഇപ്രകാരം കൊറിയയുടെ ഗുരുതര സാഹചര്യം എന്ന വെളിപാടും അക്ഷരാർഥത്തിൽ പൂർത്തിയായി. 1905 സെപ്റ്റംബർ 5 വരെ നീണ്ടു നിന്ന ഈ യുദ്ധത്തിന്റെ അനുരണനങ്ങൾ റഷ്യയെ ആഴത്തിൽ ബാധിച്ചു. ആദ്യത്തെ റഷ്യൻ വിപ്ലവം 1905–ൽ അരങ്ങേറാൻ കാരണമായി. ഒടുവിൽ സാർ ചക്രവർത്തിമാരുടെ പരിതാപാവസ്ഥയും 1917–ൽ ലോകത്തിന് നേരിട്ട് സാക്ഷ്യം വഹിക്കേണ്ടി വന്നു. റഷ്യയിൽ പൊട്ടിപ്പുറപ്പെട്ട ഈ രണ്ട് വിപ്ലവം മുഖേന വാഗ്ദത്ത മസീഹിന്റെ മറ്റൊരു വെളിപാടും വളരെ ഗരിമയോടെ പൂർത്തിയായി:

*'സാർ ഭി ഹോഗാ തൊ ഹോഗാ ഉസ് ഗഢി ബാഹാൽ സാർ'*

'സാർ ചക്രവർത്തിയായാലെന്ത്,അദ്ദേഹവും ആ സമയത്ത് അത്യന്തം ദാരുണനിലയിലായിരിക്കും.'

ഈ യുദ്ധം എത്രമാത്രം ഭീകരവും രക്തചൊരിച്ചിൽ ഉണ്ടാക്കുന്നതുമായിരുന്നുവെന്നാൽ, ഒരവസരത്തിൽ ഹദ്‌റത്ത് വാഗ്ദത്ത മസീഹ്(അ) തന്റെ എതിരാളികളുടെ വിരോധത്തെ ഈ യുദ്ധത്തോട് ഉപമിച്ചിരുന്നു. അദ്ദേഹം തന്റെ കവിതയിൽ പറയുന്നു:

ജങ്കെ റൂഹാനീ ഹെ അബ്
ഇസ് ഖാദിം ഔർ ശയ്ത്വാൻ കാ
ദിൽ ഘട്ടാ ജാത്താ ഹെ യാ റബ്ബ്
സഖ്ത്ത് ഹെ യെ കാറെ സാർ
ഏ ഖുദാ ശയ്ത്വാൻ പെ മുഝ് കൊ
ഫത്ഹ് ദേ റഹ്മത്ത് കെ സാഥ്
വൊ ഇക്കഠി കർ രഹാ ഹെ
അപ്നീ ഫൗജേ ബേശുമാർ
ജങ്ക് യെ ബഢ് കർ ഹെ
ജങ്കെ റൂസ് ഔർ ജപ്പാൻ സെ
മേ ഗരീബ് ഔർ മുഖാബിൽ
പർ ഹരീഫെ നാമ് ദാർ

ഈ ദാസനും ശയ്ത്വാനുമിടയിലിപ്പോൾ ആത്മീയ യുദ്ധമാണ്. എന്റെ നാഥാ, ഹൃദയം ദുഖഭരിതമാണ്, സാറിന്റെ ഈ പ്രവൃത്തി കഠിനതരമാണ്. എന്റെ ദൈവമേ, ശയ്ത്വാനെതിരിൽ കാരുണ്യത്തോടെ എനിക്ക് വിജയം തന്നാലും. എണ്ണമറ്റ സൈന്യത്തെ അവർ സ്വരുക്കൂട്ടിക്കൊണ്ടിരിക്കുന്നു. റഷ്യയും ജപ്പാനും തമ്മിലുള്ള യുദ്ധത്തെക്കാൾ ഭീകരമാണ് ഈ യുദ്ധം. ഞാൻ ദരിദ്രനാണ്, എതിരിലാകട്ടെ ആരേയും വിലവെക്കാത്തവരും.(ബറാഹീനെ അഹ്മദിയ്യാ, വാള്യം 5, റൂഹാനി ഖസാഇൻ,വാള്യം–21 പേജ്–149)

പ്രസംഗത്തിലെ പല വാക്കുകളും വാക്യങ്ങളുടെ പ്രയോഗവും ശരിയായിരുന്നില്ല. ഹുദൂർ സംഘാടകരോട് ശരിയായ രീതിയിൽ തയ്യാറെടുപ്പ് നടത്തേണ്ടതായിരുന്നു എന്ന് പറഞ്ഞു. ക്ലാസിന്റെ ഇൻചാർജിന് ശരിയായ രൂപത്തിൽ തയ്യാറെടുപ്പിക്കേണ്ട കാര്യത്തിൽ ഉത്തരവാദിത്വമുണ്ടെന്ന് ഹുദൂർ തുടർന്ന് പറഞ്ഞു.

ഇതിനുശേഷം 'ജപ്പാനെ കുറിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ അസീസം മുർതാള് അഹ്മദ് റളി അവതരിപ്പിച്ചു. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: **നല്ല മതം ജപ്പാൻകാർ അന്വേഷിക്കുകയാണ്.** (മൽഫൂദാത്ത് വാള്യം4, പേജ്–351, ഉദ്ധരണി, ബദ്ർ വാള്യം 1, ലക്കം 21, പേജ് 2, 1905 ആഗസ്റ്റ് 24)

പിന്നീട് അവിടന്ന് പറഞ്ഞു: *ജപ്പാൻകാർക്കുവേണ്ടി ഒരു ഗ്രന്ഥം എഴുതേണ്ടതാണ്. സാഹിത്യകാരനും വാക്പാടവമുള്ളവനുമായ ഏതെങ്കിലും ജപ്പാൻകാരന് ആയിരം രൂപ കൊടുത്ത് തർജമ ചെയ്യിക്കുക. അതിനുശേഷം അതിന്റെ പത്തായിരം കോപ്പി അച്ചടിപ്പിച്ച് ജപ്പാനിൽ പ്രസിദ്ധീരിക്കുക."* (മൽഫൂദാത്ത് വാള്യം 4 പേജ് 373)

*മൗലവിമാരുടെ എതിർപ്പിനെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് അവിടന്ന് പറയുന്നു: എന്റെ ഭാഗത്തുനിന്ന് ഇസ്‌ലാമിന്റെ പേരിൽ ഏതെങ്കിലും ഗ്രന്ഥം ജപ്പാനിൽ പ്രസിദ്ധീകരിക്കുകയാണെങ്കിൽ ഇക്കൂട്ടർ എന്നെ എതിർക്കാൻ ജപ്പാനിലുമെത്തുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. പക്ഷേ, അല്ലാഹു ആഗ്രഹിക്കുന്നതേ നടക്കുകയുള്ളു."* (മൽഫൂദാത്ത് വാള്യം 4 പേജ് 480–481)

**(തുടരും)**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം–അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.**

# യു.കെ.മജ്‌ലിസ് ഖുദാമുൽ അഹ്മദിയ്യ സംഘടിപ്പിച്ച വാഖ്ഫീനെ നൗഇന്റെ കബാബീർ പര്യടനം

**(റിപ്പോർട്ട്: മുശർറഫ് അഹ്മദ്, മുആവിൻ സ്വദ്ർ ബറായെ വഖ്ഫെ നൗ, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ യു.കെ)**

അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് 2018 യു.കെ.നാഷണൽ വഖ്ഫെ നൗ ഇജ്തിമാഇന്റെ അവസരത്തിൽ പറഞ്ഞിരുന്നു, ഇസ്‌ലാം സമാധാനഭരിതവും സ്നേഹനിർഭരവും കരുണയുടെ അധ്യാപനം നല്കുന്നതുമായ ഒരു മതമാണ്. ഇസ്‌ലാമിന്റെ ഈ യഥാർഥമായ ചിത്രം മറ്റുള്ളവരെക്കാൾ കൂടുതൽ ലോകത്തിന് കാണിച്ചുകൊടുക്കേണ്ടത് നിങ്ങളുടെ ചുമതലയാണ്. അതുകൊണ്ട് weekendsലോ അവധിക്കാലത്തിന്നിടയിലോ നിങ്ങൾ തബ്‌ലീഗ് ചെയ്യേണ്ടതാണ്. ജമാഅത്തും ജമാഅത്തിന്റെ ഉപസംഘടന ഖുദ്ദാമുൽ അഹ്മദിയ്യായും ഇരുവരും തബ്‌ലീഗ് പരിപാടികളും ടൂർ പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

ഹുദൂറിന്റെ ഈ നിർദേശത്തിന്റെ വെളിച്ചത്തിൽ യു.കെ. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ നേതൃത്വത്തിൽ 38 വാഖ്ഫീനെ നൗ ഖുദ്ദാം 2019 ജൂൺ 8 മുതൽ 14 വരെ കബാബീറിൽ പര്യടനം നടത്തിയതിന്റെ വിശദീകരണത്തിലേക്ക് കടക്കുന്നതിനുമുമ്പേ ഒരു കാര്യം അറിഞ്ഞിരിക്കേണ്ടതാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) 1924–ൽ യൂറോപ്പ് പര്യടനം നടത്തിയിരുന്നു. വഴിയിലാണ് ബയ്ത്തുൽ മുഖദ്ദസ് ഉള്ളത്. അദ്ദേഹം പ്രത്യേകമായ നലയിൽ രണ്ടു ദിവസം അവിടെ താമസിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) പറയുന്നു: രണ്ടു ദിവസത്തെ താമസത്തിനുശേഷം ഞങ്ങൾ ദിമിശ്ഖിലേക്ക് (ഡമാസ്കസ്) യാത്രയായി. വഴിയിൽ ബയ്ത്തുൽ മുഖദ്ദസ് വരുന്നതുകൊണ്ട് നബിമാരുടെ പരിശുദ്ധ സ്ഥലങ്ങൾ കാണാതെ മുന്നോട്ടു പോകുന്നത് ശരിയല്ലെന്ന് തോന്നി. അങ്ങനെ രണ്ടു ദിവസം അവിടെ നിന്നു. ബയ്ത്തുൽ മുഖദ്ദസിൽ താഴെ പറയുന്ന സ്ഥലങ്ങൾ എടുത്തു പറയേണ്ടതാണ്. അമ്പുൽ അമ്പിയാ ഹദ്റത്ത് ഇബ്റാഹീം (അ), ഹദ്റത്ത് ഇസ്ഹാഖ്(അ), ഹദ്റത്ത് യഅ്ഖൂബ്(അ), ഹദ്റത്ത് യൂസുഫ്(അ)ന്റെ ഖബ്റുകളും ഹദ്റത്ത് ഉമർ(റ) നമസ്കരിച്ച സ്ഥലവും– പിന്നീട് അവിടെ മസ്ജിദ് നിർമിക്കപ്പെട്ടു. ഹദ്റത്ത് ഈസാ(അ) ജനിച്ച സ്ഥലങ്ങളും.” (താരീഖെ അഹ്മദിയ്യത്ത് വാല്യം 4 പേജ് 441)

അല്ലാഹുവിന്റെ കൃപയാൽ വാഖ്ഫീനെ നൗഇന് ഈ പര്യടനം അറിവുകൾ കൊണ്ടു നിറഞ്ഞതായിരുന്നു. നിത്യവുമുള്ള പരിപാടികൾ വളരെയേറെ സന്തോഷം പകരുന്നതായിരുന്നു. നിത്യേന നടന്ന പരിപാടിയുടെ റിപ്പോർട്ട് വളരെ ചുരുക്കി അവതരിപ്പിക്കുകയാണ്.

2019 ജൂൺ 8 ന് 38 വാഖ്ഫീനെ നൗ ഈഗംകൾ രാവിലെ എട്ടു മണിക്ക് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹിൽ സംഘടിച്ചു. യാത്രയെ സംബന്ധിച്ചുള്ള വിവരങ്ങളും നിർദേശങ്ങളും നല്കി. അതിനുശേഷം എല്ലാ വാഖ്ഫീനെ നൗഇനേയും ലോൺ എയർപോർട്ടിൽ എത്തിച്ചു. രാത്രി 9.5ന് ടെൽഅവീവ്(Tel Aviv)ലെത്തി. coach ൽ രാവിലെ സുബ്ഹി നേരത്ത് കബാബീറിലെത്തി. കബാബീർ ജമാഅത്ത് പ്രാതലിനുള്ള ഏർപാടു ചെയ്തിരുന്നു.

2019 ജൂൺ 9ന് Haifa നഗരത്തിൽ ബഹായികളുടെ കേന്ദ്രം കാണുന്നതിന് പോയി. മസ്ജിദ് അൽഇസ്തിഖ്‌ലാൽ കണ്ടു. അത് ഹയ്ഫ നഗരത്തിലെ ആദ്യ മസ്ജിദാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വും ഈ മസ്ജിദിൽ നമസ്കരിച്ചിട്ടുണ്ടാകാമെന്ന് പറയപ്പെടുന്നു. ഈ മസ്ജിദിനോടു ചേർന്നു തന്നെയാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വന്നിറങ്ങിയ റയിൽവെ സ്റ്റേഷൻ.

അന്നേ ദിവസം ജമാഅത്ത് ഞങ്ങൾക്കുവേണ്ടി BBQനുള്ള ഏർപാടു ചെയ്തിരുന്നു. അതിനുശേഷം ഞങ്ങൾ ബിബിക്യൂവിലെ Mount Carmelൽ പോയി. ആ അവസരത്തിൽ എല്ലാ വഖ്ഫെ നൗവുമായും പരിചയപ്പെട്ടു. ഫലസ്തീൻ സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായോടൊപ്പം ഒര പരിപാടി നടന്നു. വൈകുന്നേരം കബാബീർ മസ്ജിദ് മഹ്മൂദിൽ അമീർ സാഹിബിനോടൊപ്പം ഖിലാഫത്ത് എന്ന വിഷയത്തിൽ വളരെ ഹൃദ്യമായി ഒരു പരിപാടി നടന്നു. 2019 ജൂൺ 10 ന് രാവിലെ ഞങ്ങൾ ഹയ്ഫയിലെ കടൽത്തീരത്തുപോയി. അവിടെ ഖുദ്ദാം ഫുട്ട്ബോൾ കളിക്കുകയും നീന്തുകയും ചെയ്തു. വൈകുന്നേരത്ത് മസ്ജിദിൽ Haifa യിലെ മുറബ്ബി സാഹിബിനോടൊപ്പം ‘ഫലസ്തീനും കബാബീറിന്റെ ചരിത്രവും’ എന്ന ശീർഷകത്തിൽ ഒരു പരിപാടി നടന്നു. അതിനുശേഷം ഫലസ്തീനിലെ ഖുദ്ദാമുമായി ഒരു ഫുട്ട്ബോൾ മത്സരം നടന്നു.

2019 ജൂൺ 11ന് അമീർ സാഹിബിനോടൊപ്പം അൽ ഖലീലിൽ (Hebron)പോയി. അവിടെ ഹദ്റത്ത് ഇബ്റാഹീം(അ), ഹദ്റത്ത് ഇസ്ഹാഖ്(അ) ഹദ്റത്ത് സാറ(അ)യുടെ ഖബ്റുകൾ കണ്ടു. ദുആ ചെയ്യാനും അവസരം കിട്ടി. അടുത്തു തന്നെ ഹദ്റത്ത് യൂനുസ്(അ)ന്റെ ഖബ്റുമുണ്ട്. അവിടെ പോയും ഞ ങ്ങൾക്ക് ദുആ ചെയ്യാൻ അവസരം കിട്ടി. Hebron-ശേഷം ഞങ്ങൾ Bethlehemൽ പോയി. ഇവിടെയാണ് ഹദ്റത്ത് ഈസാ(അ) ജനിച്ചതെന്ന് പറയപ്പെടുന്നു. അതിനുശേഷം ഞങ്ങൾ യരുശലേമിൽ (Jerusalam) പോയി. അവിടെ ബയ്ത്തുൽ മുഖദ്ദസിൽ ഞങ്ങൾ ളുഹ്റും അസ്റും നമസ്കരിച്ചു. അതിനുശേഷം ഞങ്ങൾ മസ്ജിദ് അഖ്സ്വ കണ്ടു. അതിനടുത്തുതന്നെയാണ് വിലാപ മതിലുള്ളത്. അവിടെ യഹൂദരുകൾ പ്രാർഥിക്കുന്നുണ്ടായിരുന്നു. അതിനുശേഷം ഹദ്റത്ത് ഈസായെ കുരിശിലേറ്റിയ സ്ഥലം കണ്ടു.

2019 ജൂൺ 12 ന് ഞങ്ങൾ അരീഹാ(Jericho)യിലെ നഗരത്തിൽ പ്പോയി. ലോകത്തിലെ ഏറ്റവും പുരാതനമായ നഗരമെന്നാണ് ഇത് അറിയപ്പെടുന്നത്. അതിനുശേഷം ഞങ്ങൾ മഖാമെ മൂസാ(മൂസായുടെ സ്ഥലം) കണ്ടു. അവിടെ ഹദ്റത്ത് മൂസാ(അ)ന്റെ ഖബ്റുണ്ടെന്ന് പറയപ്പെടുന്നു. ഇവിടെ വെച്ചാണ് ബനീഇസ്റായീൽ ഹദ്റത്ത് മൂസാ(അ)യെ ധിക്കരിച്ചതെന്ന് ഞങ്ങളോടു പറയപ്പെട്ടു. അതിനുശേഷം ഞങ്ങൾ ഖംറാൻ പ്രദേശത്തുപോയി. അവിടെനിന്നാണ് dead sea scroll കിട്ടിയത്. മതപരമായ നിലയിൽ ക്രൈസ്തവ ജനത സ്നാനം എടുക്കുന്നസ്ഥലം ഞങ്ങൾക്ക് കാണിച്ചുതന്നു. ഈ സ്ഥലം ജോ ർദാ (Jordan) നടുത്താണ്. അതിനുശേഷം ഞങ്ങൾ dead sea കാണാൻ പോയി. അത് ലോകത്തിലെ ഏറ്റവും ആഴമുള്ള സ്ഥലമാണ്. ഖുദ്ദാമിന് വെള്ളത്തിലിറങ്ങാൻ അവസരം കിട്ടി. മനുഷ്യന് ഇവിടെ മുങ്ങിത്താഴാൻ സാധിക്കുകയില്ലെന്ന് ഖുദ്ദാം അനുഭവത്തിലൂടെ മനസ്സിലാക്കി.

2019 ജൂൺ 19ന് ഞങ്ങൾ നസ് റേത്തിൽ (Nazareth) പോയി. ഹദ്റത്ത് മർയം(അ)ന്റെ വീടു കണ്ടു. ആ സ്ഥലത്ത് ഇപ്പോൾ ചർച്ച് നിർമിക്കപ്പെട്ടിരിക്കുന്നു. അതിനുശേഷം ഒരു അഹ്മദി സഹോദരൻ തന്റെ തേനിന്റെ ഫാക്ടറി കാണാൻ ക്ഷണിച്ചു. അദ്ദേഹത്തിന്റെ ഫാക്ടറി കാണാൻ ഞങ്ങൾ പോയി. അദ്ദേഹം ഞങ്ങളോടു തേനീച്ചയെ കുറിച്ച് വിശദമായി സംസാരിച്ചു. തേനെടുക്കാൻ എത്ര സമയമെടുക്കുമെന്നും തേനീച്ചകൾ തേനുണ്ടാക്കാൻ എന്തു ജോലിയാണ് ചെയ്യുന്നതെന്നും പറഞ്ഞു. അതിനുശേഷം ഞങ്ങൾ അക്കോ (Akko) നഗരത്തിൽ പോയി. അത് ഫലസ്തീനിലെ ഒരു പുരാതന നഗരമാണ്.

2019 ജൂൺ 14 ന് എല്ലാ വാഖ്ഫീനെ നൗ ഖുദ്ദാമും മസ്ജിദ് മഹ്മൂദ് കബാബീറിൽ ജമാഅത്തോടുകൂടി ജുമുഅ നിർവഹിച്ചു. ഖുത്ബ ജുമുഅ കേട്ടതിനുശേഷം എയർപോർട്ടിലേക്ക് പുറപ്പെട്ടു. രാവിലെ 3.55ന് എല്ലാ വാഖ്ഫീനെ നൗ ഖുദ്ദാമും സുഖമായി അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രമായ ഇസ്‌ലാമാബാദ് ടിൽഫോർഡ് യു.കെ. യിലെത്തി. ഇങ്ങനെ അല്ലാഹുവിന്റെ കൃപയാൽ ഞങ്ങളുടെ യാത്ര സുഖകരമായി സമാപിച്ചു. അൽഹംദുലില്ലാഹ്. ഈ യാത്രയ്ക്കിടയിൽ എല്ലാ നമസ്കാരവും ജമാഅത്തോടുകൂടിയാണ് നമസ്കരിച്ചത്. നിത്യവും തഹജ്ജുദ് നമസ്കാരത്തിന് ഏർപാടു ചെയ്തിരുന്നു. 38 വാഖ്ഫീനെ നൗഇനിൽ 29 പേർ ലായെ അമൽ പൂർണമായും വായിച്ചു.

2018 ജൂൺ 28 ന് അസ്ർ നമസ്കാരത്തിനുശേഷം ഈ പരിപാടിയിൽ പങ്കെടുത്ത വാഖ്ഫീനെ നൗഇന് തങ്ങളുടെ പ്രിയങ്കരനായ ഇമാമുമൊത്ത് ഫോട്ടോ എടുക്കാനുള്ള സൗഭാഗ്യവുമുണ്ടായി. ഞങ്ങൾ ഞങ്ങളുടെ പ്രിയപ്പെട്ട ഇമാമിനുവേണ്ടി ഒരു ഉപഹാരവും കൊണ്ടുവന്നിരുന്നു. ഞങ്ങൾ അത് ആ അവസരത്തിൽ പ്രിയ ഇമാമിന്റെ തിരുസന്നിധിൽ അർപിച്ചു.(അൽഫള്ൽ ഇന്റർനാഷണൽ 2019 ജൂലായ് 19)

# 125–ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 125–ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2019 ഡിസംബർ 27,28,29(വെള്ളി,ശനി,ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനും വേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

***(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 25 July 2019 Issue-30

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# മഖ്ദോനിയ (makedonia) അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ആദ്യത്തെ നമസ്കാരസെന്ററിന്റേയും മിഷൻഹൗസിന്റേയും ശിലാസ്ഥാപനം

കഴിഞ്ഞ കുറച്ചു വർഷമായി മക്ദോനിയായിലെ രണ്ടു നഗരത്തിൽ വാടകയ്ക്കെടുത്ത നമസ്കാര സെന്ററുകളിലാണ് തബ്‌ലീഗ് തർബിയ്യത്ത് പ്രോഗ്രാം സംഘടിപ്പിക്കാറുണ്ടായിരുന്നത്. പെട്ടെന്നുതന്നെ നമസ്കാരാവശ്യത്തിനു പുറമെ ജമാഅത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ജമാഅത്തിന് സ്വന്തം സെന്റർ വേണ്ടുന്നതിന്റെ പ്രാധാന്യം തോന്നിത്തുടങ്ങി.

2016–ൽ ജർമനി വാർഷിക ജൽസയിൽ മക്ദോനിയായിൽനിന്ന് ഒരു സംഘം പങ്കെടുത്തിരുന്നു. അവർ 2016 സെപ്റ്റംബർ 5ന് ഫ്രാങ്ക്ഫോർട്ടിൽ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അപ്പോൾ ഇരുജമാഅത്തിന്റേയും അംഗങ്ങൾ ഹുദൂറിന്റെ സന്നിധിയിൽ തങ്ങളുടെ ആവശ്യങ്ങളും സ്വന്തം സെന്റർ ഉണ്ടാകേണ്ടതിന്റെ പ്രസക്തിയും വിവരിക്കുകയും അതിന് അപേക്ഷിക്കുകയും ചെയ്തു. ഈ അപേക്ഷ മാനിച്ച് ഹുദൂർ വളരെ വാത്സല്യത്തോടെ ഇരു ജമാഅത്തിനും സ്ഥലം വാങ്ങി സെന്റർ നിർമിക്കാൻ അനുവാദം നല്കി. ഹദൂർ പറഞ്ഞു: സ്ഥലം എവിടെയാണോ ആദ്യം കിട്ടുന്നത് അവിടെ ആദ്യം മസ്ജിദ് നിർമിക്കുന്നതായിരിക്കും. ഇരുവരും പരിശ്രമിക്കുക, ആരാണ് ജയിക്കുന്നതെന്ന് കാണാമല്ലോ.'

ജർമനി ജൽസ സാലാനയ്ക്കു ശേഷം ഇരു ജമാഅത്തും ഉചിതമായ സ്ഥലം അന്വേഷിക്കാൻ തുടങ്ങി. സെന്റർ നിർമിക്കാൻ ബേറോവൊ(Berovo)ജമാഅത്ത് ആഗ്രഹിക്കുന്നുവെന്ന് ആത്മാർഥയായ ഒരു അഹ്മദി സ്ത്രീ അറിഞ്ഞപ്പോൾ 1200 ചതുരശ്ര മീറ്റർ വിസ്താരമുള്ള അവരുടെ ഒരു നല്ല പ്ലോട്ട് തന്റെ ചില സ്വപ്നങ്ങളുടെ അടിസ്ഥാനത്തിൽ ജമാഅത്തിന് സമ്മാനിച്ചു. ആ പ്ലോട്ടിന്റെ എഴുത്തുകുത്തിന് ഒരുപാട് സമയമെടുത്തു.

മറുഭാഗത്ത് പെഹേക്കൊ(Pehcevo) ജമാഅത്ത് പെട്ടെന്നുതന്നെ അനുയോജ്യമായ ഒരു സ്ഥലം അന്വേഷിച്ചു. കേന്ദ്രത്തിന്റെ അനുവാദത്തോടെ 2017 ഫെബ്രുവരി 28ന് കരാറിനുശേഷം ജമാഅത്ത് ആ പ്ലോട്ടു വാങ്ങി. ഈ പ്ലോട്ട് 798 ചതുരശ്ര മീറ്ററാണ്. തദ്ദേശ ജമാഅത്തിന്റെ ആവശ്യത്തിന് മതിയായതാണ്. ഈ പ്ലോട്ടിൽ വളരെ പുരാതനമായ ഒരു വീടുണ്ടായിരുന്നു. അത് ഏതോ തുർക്കി കുടുംബം തദ്ദേശക്രിസ്ത്യാനികൾക്ക് വിറ്റതായിരുന്നു. ഈ തുർക്കികുടുംബം ഉഥ്മാനീ ഭരണത്തിന്റെ അവസാനത്തിൽ തുർക്കിയിലേക്ക് പോയി. മക്ദോനിയായിൽ ഉഥ്മാനീ ഭരണത്തിന്റെ അവസാനമുണ്ടായത് 1912 ലാണ്. ചില പഴയകാല ആളുകൾ പറഞ്ഞതനുസരിച്ച് ഇത് മദ്രസ എന്ന നിലയിലാണ് ഉപയോഗിച്ചിരുന്നത്. അവിടെനിന്ന് ഇസ്‌ലാമികാധ്യാപനം നല്കപ്പെട്ടിരുന്നു. ഇപ്പോൾ ഈ സ്ഥലം അല്ലാഹുവിന്റെ കൃപയാൽ യഥാർഥ ഇസ്‌ലാമിന്റെ കേന്ദ്രമാകാൻ പോകുകയായിരുന്നു.

പ്ലോട്ട് വാങ്ങിയതിനുശേഷം തദ്ദേശ കൗൺസിലിൽ മേയറിന്റേയും നിർമാണ വകുപ്പിന്റേയും ഇൻചാർജുമാരുമായി കൂടിക്കാഴ്ച നടന്നു. സെന്ററിന്റെ നിർമാണ പ്രവൃത്തിക്കുള്ള അത്യാവശ്യ നടപടികൾ സ്വീകരിച്ചു. പ്ലാൻ തയ്യാറാക്കുകയും അനുവാദത്തിനുള്ള വിവിധ ഘട്ടങ്ങളിലൂടെ കടന്നതിനുശേഷം അവസാനം നിർമാണത്തിനുള്ള അനുവാദം ലഭിക്കുകയും ചെയ്തു. ഹുദൂർ അയ്യദഹുല്ലാഹ് പ്ലാൻ പരിശോധിക്കുകയും അത്യവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്തു.

## നമസ്കാര സെന്ററിന്റേയും മിഷൻഹൗസിന്റേയും ശിലാകർമ പരിപാടി.

2019 ഫെബ്രുവരി 20ന് പെഹേക്കൊ (Pehcevo) നമസ്കാര സെന്ററിനും മിഷൻഹൗസിനും ഔദ്യോഗികമായി കല്ലിടൽ കർമം നടത്തി. മിഹ്റാബിന്റെ സ്ഥലത്ത് പരിശുദ്ധ ഖാദിയാൻ ദാറുൽ അമാനിൽ നിന്ന് പ്രത്യേകമായും വാങ്ങിയ അനുഗൃഹീത ഇഷ്ടിക ഈ വിനീതൻ വച്ചു. ഈ ഇഷ്ടിക അവസാന കാലത്തെ മസീഹ്(അ)ന്റെ മസ്ജിദ് മുബാറക്കിൽ നിന്ന് തബർറുക്– അനുഗ്രഹസൂചകമായ വസ്തു എന്ന നിലയിൽ വാങ്ങിപ്പിച്ചതാണ്. ഈ ഇഷ്ടികയിൽ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2017 ജൂലായ് 28ന് ജർമനിയിൽ, ജർമൻ ജൽസസാലാനയ്ക്കു ശേഷം മക്ദോനിയൻ സംഘവുമായുള്ള കൂടിക്കാഴ്ചയ്ക്കിടെ ദുആ ചെയ്തിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അണിഞ്ഞിരുന്ന *അലയ്സല്ലാഹു ബി കാഫിൻ അബ്ദഹൂ* എന്ന ആയത്ത് കൊത്തിയ മോതിരം സ്പർശിക്കുകയും ചെയ്തിരുന്നു. ഇതിനുശേഷം താഴെ പറയുന്നവർ അടിത്തറയിൽ ഇഷ്ടിക വെച്ച് ഭാഗ്യം കരസ്ഥമാക്കി.

1. **റമളാൻ മുമേത്തി സാഹിബ്:** ഈ സ്നേഹിതൻ 1957 ഏപ്രിൽ 15ന് ജനിച്ചു. 1993 ൽ ജർമനിയിൽ അഹ്മദിയായി. ഇദ്ദേഹം അൽബാനിയൻ വംശജനായ സ്നേഹിതനാണ്. മക്ദോനിയായിൽ താമസിക്കുന്ന അഹ്മദികളിൽ ഏറ്റവും പഴയ അഹ്മദിയാണ്.

2. **ജഅ്ഫർ ദസ്താനോസ്കി സാഹിബ്:** ഈ സ്നേഹിതൻ 1961 മെയ് 13ന് ജനിച്ചു. 1998ൽ അഹ്മദിയായി. ബേറോ ജമാഅത്തിന്റെ പ്രരംഭകാല അഹ്മദികളിൽ പെട്ടയാളാണ്.

3. **ഇസ്മായീൽ അലിമാൻസ്കി സാഹിബ്:** ഇദ്ദേഹം 1951 ജനുവരി 9 ന് ജനിച്ചു. 2000ൽ അഹ്മദിയായി. ഇദ്ദേഹം ബേറോ ജമാഅത്തിന്റെ പ്രാരംഭകാല അഹ്മദിയും പ്രവർത്തനനിരതനുമാണ്.

4. **സ്വാഫത്ത് ദസ്താനോസ്കി സാഹിബ്:** 1965 ജനുവരി 1ന് ജനിച്ചു. 2010ൽ അഹ്മദിയായി. ഇദ്ദേഹം പെഹേക്കൊ(Pehcevo) ജമാഅത്തിലെ ഊർജസ്സ്വലനായ അഹ്മദിയാണ്.

5.**എംറ റേജേപൊ സാഹിബ്:** 2001 ജൂൺ 23ന് ജനിച്ചു. 2012ൽ ഈ യുവാവ് അഹ്മദിയായി. പെഹേക്കൊ(Pehcevo) ജമാഅത്തിലെ പ്രവർത്തനനിരതനായ അഹ്മദിയാണ്.

ശിലാകർമ പരിപാടിക്കുശേഷം സംഘപ്രാർഥന നടന്നു. സന്നിഹിതരായവർക്ക് ഭക്ഷണത്തിനുള്ള ഏർപാടു ചെയ്തിരുന്നു. അടിത്തറ ഇടുന്നതിനുമുമ്പേ പ്ലോട്ടിൽ മൂന്നു സ്ഥലത്ത് മൂന്നു ആടിനെ സ്വദഖയായി അറുക്കുകയും അർഹരയവർക്ക് മാംസം വിതരണം ചെയ്യുകയും ചെയ്തു. അല്ലാഹു ഈ നമസ്കാര സെന്റർ ജമാഅത്തിന് അനുഗൃഹീതമാക്കുമാറാകട്ടെ. അഹ്മദിയ്യത്തിന്റെ പുരോഗതിയിൽ അടിസ്ഥാനപരമായ പങ്കു വഹിക്കുന്നതിന് നിമിത്തമാകുമാറാകട്ടെ. ആമീൻ

**(അൽഫള്ൽ ഇന്റർ നാഷണൽ 2019 ജൂലായ് 19)**

**(പേജ് 2ൽനിന്ന്)**

ഇസ് മുൽക് മെ ത്വാലിബെ ഇസ് ലാം പയ്ദാ കർദേഗാ.”

*ജപ്പാൻകാർ നല്ല മതം തിരയുകയാണ്. ദൈവം ഇച്ഛിച്ചാൽ ഇസ്‌ലാമിനെ അന്വേഷിക്കന്നവരെ ഈ രാജ്യത്ത് സൃഷ്ടിക്കുന്നതായിരിക്കും.*

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ മസ്ജിദിന്റെ നിർമാണത്തോടെ ഇസ്‌ലാമിന്റെ സത്യവും യഥാർഥവുമായ അധ്യാപനങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്നതാണ്. അവർ ഇസ്‌ലാമിലേക്ക് ചായാൻ തുടങ്ങുന്നതാണ്. ഹൃദയങ്ങൾ മാറാൻ തുടങ്ങും. ഒടുവിൽ അവർ ഒരു ദിവസം വാഗ്ദത്ത മസീഹിന്റെ ദാസരിൽ വന്നു ചേരുന്നതാണ്. ജനതകൾ ഈ അരുവിയിൽ നിന്ന് പാനം ചെയ്യുമെന്ന് വാഗ്ദത്ത മസീഹ് ദീർഘദർശനം ചെയ്തിരുന്നു. ഇൻശാ അല്ലാഹ്, ഈ പ്രവചനം ജപ്പാനികൾക്ക് വേണ്ടിയും അല്ലാഹു പൂർത്തിയാക്കുന്നതായിരിക്കും. ഈ ഉറവിൽ നിന്ന് ഇവരും പാനം ചെയ്യുന്നതായിരിക്കും. ഇതു തന്നെയാണ് ദൈവവിധി. ഇൻശാ അല്ലാഹ് അത് ഒരു ദിവസം പൂർത്തിയാകുക തന്നെ ചെയ്യും. (ബദ്ർ പത്രം, 2015 ഡിസംബർ 10–ൽ നിന്ന്)

## വാർഷിക ഇജ്തിമ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഭാരതത്തിലെ ഉപസംഘടനകളുടെ (മജ്‌ലിസ് അൻസ്വാറുല്ലാഹ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ലജ്ന ഇമാഇല്ലാഹ്) ദേശീയ വാർഷിക ഇജ്തിമാകൾ 2019 ഒക്ടോബർ 18, 19, 20 (വെള്ളി, ശനി, ഞായർ) എന്നീ തിയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു.

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin